2023
JULY
15
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## ചന്ദ്രയാൻ 3 ഭ്രമണപഥത്തിൽ; ആദ്യഘട്ടം വിജയം

**ശ്രീഹരിക്കോട്ട:** രാജ്യത്തിന്റെ അഭിമാനമുയർത്തി ഇന്ത്യയുടെ ചാന്ദ്ര പര്യവേഷണ ദൗത്യമായ ചന്ദ്രയാൻ 3ന്റെ വിക്ഷേപണം ആദ്യഘട്ടം വിജയകരം. ചന്ദ്രയാൻ 3 ഭൂമിയുടെ ഭ്രമണപഥത്തിലെത്തി. വിക്ഷേപിച്ച് 22 ാം മിനിറ്റിലാണ് ചന്ദ്രയാൻ 3 ഭൂമിയുടെ ഭ്രമണപഥത്തിലെത്തിയത്.

ഖര ഇന്ധനം ഉപയോഗിച്ചാണ് റോക്കറ്റ് പറന്നുയർന്നത്. 108.1 സെക്കൻഡിൽ, ഏകദേശം 44 കിലോമീറ്റർ ഉയരത്തിലെത്തിയപ്പോൾ ദ്രാവക എൻജിൻ പ്രവർത്തനം ആരംഭിച്ചു. 127 സെക്കൻഡിൽ, റോക്കറ്റ് 62 കിലോമീറ്റർ ഉയരത്തിലെത്തിയപ്പോൾ ഖര ഇന്ധന എൻജിനുകൾ വേർപെട്ടു. തുടർന്ന് 114 കിലോമീറ്റർ ഉയരത്തിൽ എത്തിയപ്പോൾ പ്രൊപ്പൽഷൻ മൊഡ്യൂളിനെ സുരക്ഷിതമാക്കാൻ ഘടിപ്പിച്ചിരിക്കുന്ന താപകവചങ്ങൾ വേർപെട്ടു. തുടർന്ന് 305 സെക്കൻഡ് (175 കിലോമീറ്റർ ഉയരം) കഴിഞ്ഞപ്പോൾ ദ്രാവക എൻജിനുകൾ വേർപെട്ടു. തുടർന്ന് ക്രയോജനിക് എൻജിനുകൾ പ്രവർത്തിച്ചു തുടങ്ങി. 954 സെക്കൻഡുകൾ കഴിഞ്ഞപ്പോൾ ഇവ പ്രവർത്തനരഹിതമായി.

പിന്നാലെ പ്രൊപ്പൽഷൻ മൊഡ്യൂൾ  ലാൻഡർ സംയുക്തം വേർപെട്ട് ദീർഘവൃത്താകൃതിയുള്ള ഭ്രമണപഥത്തിലെത്തി. ഭൂമിയോടടുത്ത് (പെരിജി) 170 കിലോമീറ്ററും അകലെ (അപ്പോജി) 36,500 കിലോമീറ്ററും ദൂരവ്യത്യാസമുള്ളതാണ് ഈ ഭ്രമണപഥം.

നേരത്തെ അറിയിച്ചതു പോലെ 2.35ന് തന്നെ ശ്രീഹരിക്കോട്ടയിലെ രണ്ടാം വിക്ഷേപണത്തറയിൽനിന്നു ചന്ദ്രയാൻ 3 വഹിച്ച് എൽവിഎം3  എം4 റോക്കറ്റ് കുതിച്ചുയർന്നു. ഇസ്റോയുടെ ഏറ്റവും കരുത്തുറ്റ റോക്കറ്റാണ് 43.5 മീറ്റർ പൊക്കവും 4 മീറ്റർ വിസ്തീർണവുമുള്ള എൽവിഎം3  എം4 റോക്കറ്റ്.

ഇനി പ്രതീക്ഷയോടെയുള്ള നീണ്ട കാത്തിരിപ്പാണ്. ഒരു മാസത്തിനുശേഷം ചന്ദ്രന്റെ ദക്ഷിണധ്രുവത്തിനു സമീപം ചന്ദ്രയാൻ 3 സുരക്ഷിതമായി ലാൻഡ് ചെയ്യുന്നത് കാണുവാനുള്ള കാത്തിരിപ്പ്. ദൗത്യം വിജയം കാണുമ്പോൾ ചന്ദ്രനിൽ സുരക്ഷിതമായി ഒരു പേടകം ലാൻഡ് ചെയ്യുന്ന നാലാമത്തെ രാജ്യമായി ഇന്ത്യ അറിയപ്പെടും.

# ഭീകരതയ്ക്കെതിരെ ഒറ്റക്കെട്ട്

## ഇന്ത്യ, ഫ്രാൻസ് സഹകരണം

**പാരിസ്:** വികസിത രാജ്യമെന്ന സ്വപ്നത്തിലേക്കുള്ള ഇന്ത്യയുടെ കുതിപ്പിലെ സ്വാഭാവിക പങ്കാളിയാണ് ഫ്രാൻസ് എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യ ഫ്രാൻസ് ഉഭയകക്ഷി ബന്ധത്തിലെ ഏറ്റവും നിർണായകമായ മേഖല പ്രതിരോധമാണെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. പ്രതിരോധ, ആണവ രംഗങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കാൻ ഇരു രാജ്യങ്ങളും തമ്മിൽ ധാരണയിലെത്തി. ഡൽഹിയിലെ പുതിയ നാഷനൽ മ്യൂസിയവുമായി ഫ്രാൻസ് സഹകരിക്കും. നാവിക സേനയ്ക്ക് റഫാൽ വിമാനങ്ങൾ വാങ്ങുന്ന കാര്യവും ചർച്ചയായി. ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള പ്രതിരോധ പങ്കാളിത്തത്തിന് 25 വർഷം തികയുന്ന വേളയിൽ ഫ്രഞ്ച് സന്ദർശനത്തിന് എത്തിയ പ്രധാനമന്ത്രി, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോയുമൊത്ത് നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിലാണ് ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.

ഇന്ത്യഫ്രാൻസ് ബന്ധത്തിന്റെ അടിസ്ഥാനം എക്കാലവും പ്രതിരോധ മേഖലയിലെ സഹകരണം തന്നെയാണ്. രണ്ടു രാജ്യങ്ങൾ തമ്മിലുള്ള അടിയുറച്ച പരസ്പര ബന്ധത്തിന്റെ പ്രതീകമാണത്. മേക്ക് ഇൻ ഇന്ത്യ, ആത്മനിർഭർ ഭാരത് തുടങ്ങിയവയിൽ പ്രധാന പങ്കാളിയാണ് ഫ്രാൻസ്. അന്തർവാഹിനികളുടെ കാര്യത്തിലും കപ്പലുകളുടെ കാര്യത്തിലും അങ്ങനെ തന്നെ. നമ്മുടെ മാത്രമല്ല, സുഹൃദ് രാജ്യങ്ങളുടെ ആവശ്യങ്ങൾ കൂടി നമുക്കു പരിഗണിക്കേണ്ടതുണ്ട്  മോദി പറഞ്ഞു.



മാഴ്സെ നഗരത്തിൽ ഇന്ത്യ പുതിയ കോൺസുലേറ്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഫ്രാൻസിൽ പഠിക്കുന്ന ഇന്ത്യൻ വംശജരായ വിദ്യാർഥികൾക്ക് ദീർഘകാല വീസകൾ അനുവദിക്കാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. ഇന്ത്യയിൽ ക്യാംപസുകൾ സ്ഥാപിക്കാൻ ഫ്രഞ്ച് സർവകലാശാലകളെ ഞാൻ സ്വാഗതം ചെയ്യുന്നു. അടുത്ത വർഷം പാരിസിൽ നടക്കുന്ന ഒളിംപികിൽ പങ്കെടുക്കാൻ ഇന്ത്യൻ കായികതാരങ്ങൾ ആവേശത്തോടെ കാത്തിരിക്കുകയാണ്.

ഭീകരവാദത്തിനെതിരായ പോരാട്ടത്തിൽ എക്കാലവും ഒന്നിച്ചു നിൽക്കുന്നവരാണ് ഇന്ത്യയും ഫ്രാൻസും. അതിർത്തി കടന്നുള്ള ഭീകരവാദം അവസാനിപ്പിക്കുന്നതിന് ശക്തമായ നടപടികൾ തന്നെ ആവശ്യമാണെന്ന് ഞങ്ങൾ കരുതുന്നു. എല്ലാത്തരം തർക്കങ്ങളും ചർച്ചകളിലൂടെത്തന്നെ പരിഹരിക്കണമെന്ന നിലപാടാണ് ഇന്ത്യയ്ക്കും ഫ്രാൻസിനുമുള്ളത്. സമാധാനം എക്കാലവും നിലനിർത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്താൻ ഇന്ത്യ സന്നദ്ധമാണ്  മോദി പറഞ്ഞു.

നേരത്തെ, ഫ്രഞ്ച് ദേശീയ ദിനമായ ബാസ്റ്റീൽ ഡേയിൽ മോദി മുഖ്യാതിഥിയായി പങ്കെടുത്തു. ലോക ചരിത്രത്തിലെ തന്നെ അതികായരും, ഭാവിയിലെ നിർണായക ശക്തിയും, തന്ത്രപ്രധാന പങ്കാളിയും അതിലുപരി അടുത്ത സുഹൃത്തുമാണ് ഇന്ത്യയെന്ന് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോ ചടങ്ങിൽ വ്യക്തമാക്കി. ഇന്ത്യയോടുള്ള സ്നേഹത്തിനും വിശ്വസ്തതയ്ക്കും 140 കോടി ഇന്ത്യക്കാർ ഫ്രാൻസിനോട് നന്ദിയുള്ളവരാണെന്ന് മോദി മറുപടി നൽകി. ദ്വിദിന സന്ദർശനത്തിനായി ഫ്രാൻസിലെത്തിയ പ്രധാനമന്ത്രി മോദിയെ ഫ്രാൻസിന്റെ പ്രഥമ വനിത ബ്രിജിത്ത് മക്രോ, പ്രധാനമന്ത്രി എലിസബത്ത് ബോൺ എന്നിവർ ചേർന്നാണ് വരവേറ്റത്.

## തിരുവോണം ബംപർ 25 കോടി തന്നെ

**തിരുവനന്തപുരം :** തിരുവോണം ബംപർ ഒന്നാം സമ്മാനം 30 കോടി രൂപയാക്കണമെന്ന ശുപാർശ ധനവകുപ്പ് തള്ളി.  ഒന്നാം സമ്മാനം 25 കോടിയായി തുടരും. എന്നാൽ സമ്മാന!ഘടനയിൽ മാറ്റങ്ങൾ വരുത്തി. ഒരു കോടി രൂപ വീതം 20 പേർക്ക് രണ്ടാം സമ്മാനമായി നൽകും. കഴിഞ്ഞ തവണ ഒരാൾക്ക് 5 കോടി രൂപയായിരുന്നു രണ്ടാം സമ്മാനം.  ടിക്കറ്റ് വിലയിൽ മാറ്റമില്ല 500 രൂപ തന്നെ.

ബംപർ കൂടുതൽ ആകർഷക!മാക്കുന്നതിനായി ഒന്നാം സമ്മാനം 30 കോടി!യാക്കണമെന്ന് ലോട്ടറി വകുപ്പ് ഉദ്യോഗസ്ഥർ ധന!വകുപ്പിനോട് അഭ്യർഥിച്ചിരുന്നു. സമ്മാനത്തുക ഉയർത്തിയാൽ ടിക്കറ്റ് വിലയും കൂട്ടേണ്ട സാഹചര്യം ഉണ്ടാകുമെന്നു ധനവകുപ്പ് വിലയിരുത്തി.



### കർക്കിടക വാവ് ബലി തർപ്പണം:

## പാവക്കുളത്ത് ഒരുക്കങ്ങൾ പൂർത്തിയായി



**കൊച്ചി:** 17 ന് നടക്കുന്ന കർക്കിടക വാവ് ബലി തർപ്പണത്തിനായി പാവക്കുളം മാഹാദേവ ക്ഷേത്രത്തിൽ ഒരുക്കങ്ങൾ പൂർത്തിയായതായി ക്ഷേത്രസമതി പ്രസിഡന്റ് ടി പങ്കജാക്ഷൻ അറിയിച്ചു.

രാവിലെ ആറു മുതൽ ക്ഷേത്രം ഓഡിറ്റോറിയത്തിൽ ആരംഭിക്കുന്ന ബലിതർപ്പണ കർമ്മങ്ങൾക്ക് ആചാര്യൻ ശശികുമാര പണിക്കർ നേതൃത്വം നൽകും. ഒരേ സമയം മുന്നൂറ് പേർക്ക് ബലിതർപ്പണത്തിനുള്ള സൗകര്യം ക്ഷേത്രം ഓഡിറ്റോറിയത്തിൽ ഒരുക്കിയിട്ടുണ്ട്. പ്രായമായവർക്കും നിലത്തിരിക്കാൻ ബുദ്ധിമുട്ടുള്ളവർക്കും പ്രത്യേക സൗകര്യം ഒരുക്കിയിട്ടുണ്ടെന്നും ക്ഷേത്രസമിതി പ്രസിഡന്റ് അറിയിച്ചു.

## തോരാമഴ കവർന്നത് 3.42 കോടിയുടെ കൃഷി



**പുത്തൂർ:** രണ്ടാഴ്ചയ്ക്കുള്ളിൽ ജില്ലയിൽ കാറ്റും മഴയും കവർന്നത് 3.42 കോടി രൂപയുടെ കൃഷി. കൃഷിഭവനുകളിൽ നിന്നുള്ള പ്രഥമ വിവര റിപ്പോർട്ട് അനുസരിച്ച് ഈ മാസം ഒന്നു മുതൽ ഇന്നലെ വരെ ഉണ്ടായ കൃഷിനാശത്തിന്റെ കണക്കാണിത്. വാഴ കർഷകരെയാണ് മഴ ഏറ്റവും കൂടുതൽ ചതിച്ചത്. 29675 കുലച്ച വാഴകളും 24865 കുലയ്ക്കാത്ത വാഴകളും നിലംപൊത്തി.

ഈയിനത്തിൽ മാത്രം 2.77 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്. ഓണവിപണി പ്രതീക്ഷിച്ചു കൃഷിയിറക്കിയ കർഷകർക്കാണ് ഏറ്റവും വലിയ തിരിച്ചടി ഉണ്ടായത്. കടം വാങ്ങിയും വായ്പ എടുത്തും കൃഷിയിറക്കിയവർക്ക് ഏറെ സാമ്പത്തിക നഷ്ടമാണുണ്ടായിരിക്കുന്നത്. 18 ഏക്കർ സ്ഥലത്തെ നെൽക്കൃഷിയും മഴയിൽ നാമാവശേഷമായി. 11.10 ലക്ഷം രൂപയാണ് ഈയിനത്തിൽ നഷ്ടം.

51ഏക്കർ സ്ഥലത്തെ കിഴങ്ങുവിളകളും നശിച്ചു. 9.22 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി. മരച്ചീനി, വെറ്റില, റബർ, തെങ്ങ്, കമുക്, പച്ചക്കറി, കുരുമുളക് തുടങ്ങിയവയും വ്യാപകമായി നശിച്ചിട്ടുണ്ട്. കൃഷി നശിച്ച കർഷകർക്കു ലഭിക്കാനുള്ള നഷ്ടപരിഹാരത്തുക കുടിശികയാണെന്നും പരാതിയുണ്ട്.

## ഇടുക്കി അണക്കെട്ടിൽ കഴിഞ്ഞ വർഷം 54% വെള്ളം, ഇപ്പോൾ 25% മാത്രം



**തൊടുപുഴ:** മഴ കുറവായതിനാൽ ജലനിരപ്പ് ഉയരാതെ ഇടുക്കി അണക്കെട്ട്. ഇപ്പോൾ അണക്കെട്ടിൽ 25% വെള്ളം മാത്രമാണ് സംഭരിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷം ഇതേ ദിവസം 54% വെള്ളം ഉണ്ടായിരുന്നു. അണക്കെട്ടിൽ 2322.28 അടി വെള്ളമുണ്ട്. മഴക്കാലം എത്തിയതോടെ മൂലമറ്റം വൈദ്യുതി നിലയത്തിലെ ജനറേറ്ററുകളുടെ വാർഷിക അറ്റകുറ്റപ്പണി തുടങ്ങി. ഇപ്പോൾ 6ാം നമ്പർ ജനറേറ്ററിന്റെ അറ്റകുറ്റപ്പണികളാണു നടക്കുന്നത്.

കൂടാതെ റണ്ണർ റൂട്ടിൽ വിള്ളൽ കണ്ടതിനെ തുടർന്ന് മറ്റൊരു ജനറേറ്ററും നിർത്തിയിട്ടിരിക്കുകയാണ്. മഴക്കാലമായതിനാൽ വൈദ്യുതി ഉപയോഗം കുറഞ്ഞതോടെ മൂലമറ്റം നിലയത്തിലെ വൈദ്യുതി ഉൽപാദനവും കുറച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്തെ പ്രതിദിന ഉപയോഗം ശരാശരി 73.21 ദശലക്ഷം യൂണിറ്റാണ്. കഴിഞ്ഞ മാസത്തെക്കാൾ പ്രതിദിനം 10 ദശലക്ഷം യൂണിറ്റ് കുറവാണിത്.

## ജനസംഖ്യാ ദിനാചരണം നടത്തി

**തൊടുപുഴ:** ജില്ലാതല ജനസംഖ്യാ ദിനാചരണം തൊടുപുഴ അൽ അസർ കാമ്പസിൽ നടത്തി. തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗ്ലോറി പൗലോസ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. അൽ അസർ സ്ഥാപനങ്ങളുടെ അക്കാദമിക് ഡീൻ ഡോ. സോമശേഖരൻ ബി.പിള്ള ആരോഗ്യസന്ദേശ റാലി ഫ്ളാഗ് ഓഫ് ചെയ്യുകയും ജനസംഖ്യാ ദിന പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. കുമാരമഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സാജൻ ചിമ്മിനിക്കാട്ട് അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. സുരേഷ് വർഗീസ് മുഖ്യ പ്രഭാഷണം നടത്തുകയും ക്വിസ് മത്സര വിജയികൾക്ക് സമ്മാനദാനം നടത്തുകയും ചെയ്തു.

### തിരയിൽ വിഴിഞ്ഞം തുറമുഖത്തെ പുലിമുട്ടിന് കേടുപാട്

# കരിങ്കല്ലുകളും മണ്ണും ഉൾപ്പെടെ ഒഴുക്കിക്കൊണ്ടുപോയി



**വിഴിഞ്ഞം:** രാജ്യാന്തര തുറമുഖത്ത് നിർമാണം പുരോഗമിക്കുന്ന പുലിമുട്ടിന് കഴിഞ്ഞ ആഴ്ചത്തെ കടൽക്ഷോഭത്തിൽ കേടുപാടു പറ്റി. പുലിമുട്ടിനു മുകളിലൂടെ വീശിയടിച്ച തിരമാലകൾ കരിങ്കല്ലുകളും മണ്ണും ഉൾപ്പെടെ ഒഴുക്കിക്കൊണ്ടു പോയി. തൊഴിലാളികൾക്കും സുരക്ഷാ ഉദ്യോഗസ്ഥർക്കും താൽക്കാലികമായി തങ്ങാൻ സജ്ജമാക്കിയിരുന്ന ഇരുമ്പു കണ്ടെയ്നറുകളെ തിരകൾ തൂക്കിയെടുത്തു കടലിലേക്കിട്ടു. കഴിഞ്ഞ 7, 8 തീയതികളിലെ ശക്തമായ കടൽ ക്ഷോഭമാണ് കേടുപാടുണ്ടാക്കിയത്.

വലിയ തിരമാലകൾ പുലിമുട്ടിനു മുകളിലൂടെ വീശിയടിച്ചു റോഡു സമാനമായ ഭാഗത്തെ മണ്ണും ചെറു കല്ലുകളും ഒഴുക്കിക്കളഞ്ഞു. മുകൾ ഭാഗത്തു നിരത്തിയ അക്രോപോഡുകളൊന്നിനു പൊട്ടലുണ്ട്. തിരയടിയിൽ പുലിമുട്ടിന്റെ ചില ഭാഗങ്ങളിൽ വശത്തെ കരിങ്കല്ലുകൾ സ്ഥാനം തെറ്റിയിട്ടുണ്ടെന്നും പറയുന്നു. അക്രോപോഡുകൾ അടുക്കി ബലപ്പെടുത്തിയ ചില ഭാഗങ്ങളിൽ കേടുപാടുള്ളതായി വിവരമുണ്ട്.

കടൽ ക്ഷോഭം മുന്നിൽ കണ്ട് പുലിമുട്ടിനു മുകളിൽ നിർത്തിയിരുന്ന സാങ്കേതിക ഉപകരണങ്ങളെ നേരത്തെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റിയിരുന്നു. താൽക്കാലിക തങ്ങൽ കേന്ദ്രങ്ങളായി സജ്ജമാക്കിയ കണ്ടെയ്നറുകളിൽ ആരെയും കഴിയാൻ അനുവദിച്ചുമില്ല. ഇത് ആളപായം ഒഴിവാക്കി. കടലിൽ വീണ കണ്ടെയ്നറുകളെ ക്രെയിനുകളുടെ സഹായത്തോടെ വീണ്ടെടുത്തുവെങ്കിലും ഇവയിൽ പലതും പുനരുപയോഗത്തിനാവാത്തവിധം തിരകൾ നശിപ്പിച്ചു.

അതേസമയം മുൻ വർഷങ്ങളിലെ കാലവർഷക്കാലത്തെ കടൽ ക്ഷോഭത്തിലുണ്ടായ പുലിമുട്ട് തകർച്ച ഇപ്പോഴുണ്ടായിട്ടില്ലെന്നാണ് ബന്ധപ്പെട്ടവരുടെ വിലയിരുത്തൽ.

കഴിഞ്ഞ വർഷങ്ങളിൽ പുലിമുട്ടിന്റെ മുന്നോട്ടുള്ള ഭാഗം വലിയ തോതിൽ കടലെടുത്തു ഒഴുകിപ്പോയ സംഭവമുണ്ടായിട്ടുണ്ട്. ഇത് ആവർത്തിക്കാതിരിക്കാൻ കോൺക്രീറ്റ് നിർമിത അക്രോപോഡു തിരയടിക്കുന്ന ഭാഗത്തിനു അഭിമുഖമായി അടുക്കി സ്ഥാപിച്ചിട്ടുണ്ടെന്നും നിർമാണം എത്തി നിൽക്കുന്ന അവസാന ഭാഗമുൾപ്പെടെ പുലിമുട്ടിന് കാര്യമായ ബലക്ഷയമോ കേടുപാടുകളോ ഇല്ലെന്നാണ് അധികൃതരുടെ വിശദീകരണം.

നിർമാണം പൂർത്തിയാകാത്ത പുലിമുട്ടിനു മുകളിലൂടെ ഇത്തരത്തിൽ തിരയടി പ്രതീക്ഷിച്ചതാണെന്നും പൂർത്തിയാകുമ്പോഴുൾപ്പെടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ വേണ്ടതാണ് പുലിമുട്ടെന്നും അധികൃതർ വിശദമാക്കുന്നു. കേടുപാടുണ്ടായ ഭാഗങ്ങളിൽ അറ്റകുറ്റപ്പണികൾ തുടങ്ങിയിട്ടുണ്ടെന്നും അധികൃതർ പറഞ്ഞു.

## കടലിൽ ചെമ്മീൻ കോള്; പല വള്ളങ്ങൾക്കും ലഭിച്ചത് 3 ലക്ഷം രൂപ വരെ



**തുറവൂർ:** പ്രതികൂല കാലാവസ്ഥ മൂലം കടലിൽ പോകാൻ കഴിയാതെ ദുരിതത്തിലായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കു ചെറിയ ആശ്വാസമായി പൂവാലൻ ചെമ്മീൻ ലഭിച്ചു. അർത്തുങ്കൽ മുതൽ പള്ളിത്തോട് വരെയുള്ള നൂറുകണക്കിനു മത്സ്യത്തൊഴിലാളികൾ മത്സ്യം പിടിക്കാൻ വള്ളം ഇറക്കുന്നത് ചെല്ലാനം ഹാർബറിലൂടെയാണ്. 4 ദിവസമായി ചെല്ലാനം ഹാർബറിൽ നിന്നു കടലിൽ പോയ മിക്ക വള്ളങ്ങൾക്കും പൂവാലൻ ചെമ്മീൻ ലഭിച്ചു. ഒരു ലക്ഷം മുതൽ 3 ലക്ഷം വരെ പല വള്ളങ്ങൾക്കും ലഭിച്ചതായി മത്സ്യത്തൊഴിലാളികൾ പറഞ്ഞു.

ശക്തമായ കാറ്റും മഴയും മൂലം പത്ത് ദിവസത്തിലേറെയായി വള്ളങ്ങൾ കടലിൽ ഇറക്കാൻ കഴിയാത്ത സ്ഥിതിയായിരുന്നു. ഇതോടെ തൊഴിലാളികൾ ഏറെ ദുരിതത്തിലായി. ചെമ്മീനൊപ്പം ചെറുമീനുകളും വള്ളക്കാർക്കു ലഭിച്ചു. വലിയ ചെമ്മീന് കിലോയ്ക്ക് 160 മുതൽ 140 രൂപ വരെയും ഇടത്തരം ചെമ്മീന് 70 മുതൽ 90 രൂപ വരെയും വില വന്നു. ആലപ്പുഴ മുതൽ കൊച്ചി വരെയുള്ള തീരങ്ങളിലുള്ള ഏതാണ്ട് മുന്നൂറിലധികം വള്ളങ്ങളാണ് ചെല്ലാനം ഹാർബർ കേന്ദ്രീകരിച്ച് മത്സ്യബന്ധനം നടത്തുന്നത്. വള്ളക്കാർക്കു ചെമ്മീനുകൾ ലഭിച്ചതറിഞ്ഞ് ആലപ്പുഴ, എറണാകുളം ജില്ലകളിൽ നിന്ന് ഒട്ടേറെ കച്ചവടക്കാരാണ് മീൻ എടുക്കാൻ ഹാർബറിൽ എത്തിയത്.ഇന്ധനവിലയിൽ നട്ടം തിരിയുന്ന തൊഴിലാളികൾക്കു സീസൺ പണി ഏറെ പ്രതീക്ഷ നൽകുന്നുണ്ടെന്നും ഈ ട്രോളിങ് നിരോധന കാലയളവിൽ കാലാവസ്ഥാ അനുകൂലമായാൽ മാത്രമേ ഇനിയുള്ള ദിവസങ്ങളിൽ കടലിൽ പോകാൻ കഴിയൂ എന്നും മത്സ്യത്തൊഴിലാളികൾപറഞ്ഞു.

# രണ്ടുവർഷത്തിനുള്ളിൽ കായ്ക്കുന്ന തെങ്ങും, 100 കിലോ കുലതരുന്ന വാഴക്കന്നും വാങ്ങുന്നവർ ക്ക് എട്ടിന്റെ പണി ഉറപ്പ്

മഴക്കാലമായതോടെ ഗുണനിലവാരമില്ലാത്ത നടീൽ വസ്തുക്കൾ വിറ്റ് കർഷകരെ പറ്റിക്കുന്ന തട്ടിപ്പും വ്യാപകമായി. രണ്ട് വർഷത്തിനുള്ളിൽ കായ്ക്കുന്ന തെങ്ങ്, പ്ലാവ് ,മാവ് തുടങ്ങിയ പരസ്യത്തോടെ വൻ തുക ഈടാക്കിയുള്ള കബളിപ്പിക്കലാണ് നടക്കുന്നത്.

കുള്ളൻ തെങ്ങ്, ബഡ് ചെയ്ത പ്ലാവ് ,മാവ്, തുടങ്ങിയവക്ക് 250 രൂപമുതൽ 750 രൂപ വരെയാണ് വില. എന്നാൽ അഞ്ചു വർഷം കഴിഞ്ഞാലും ഇവയിൽ നിന്ന് വിള ലഭിക്കില്ല. ഗുണനിലവാരക്കുറവ് കാരണം മുരടിച്ചു നശിക്കുകയും ചെയ്യും. ഏജന്റന്മാർ വഴി നടത്തുന്ന തട്ടിപ്പിനെതിരെ കാഴ്ചക്കാരായി നിൽക്കാനേ കൃഷി വകുപ്പിന് കഴിയുന്നുള്ളൂ.തട്ടിപ്പ് ഓൺലൈൻ വഴിയുംസാമൂഹ്യ മാദ്ധ്യമങ്ങളിലൂടെ പരസ്യം ചെയ്തു തട്ടിപ്പു നടത്തുന്ന ഏജൻസികളും സജീവമാണ്. ഫേസ് ബുക്കിലും യൂ ട്യൂബിലും പെട്ടെന്ന് കായ്ക്കുമെന്നുള്ള ആകർഷകമായ പരസ്യം കണ്ട് വലിയ ഓർഡറിന് പണമടച്ച് കഴിയുമ്പോഴാണ് തട്ടിപ്പ് മനസിലാവുക. ഒന്നുകിൽകാശ് നഷ്ടപ്പെടും അല്ലെങ്കിൽ ഗുണനിലവാരമില്ലാത്ത തൈകൾ ലഭിക്കുമെന്നതാണ് പലരുടെയും അനുഭവം

എട്ടുമാസത്തിനുള്ളിൽ നൂറ് കായെങ്കിലുമുള്ള ഏത്തക്കുല ലഭിക്കുമെന്ന് പരസ്യപ്പെടുത്തി 50 രൂപ വരെ ഈടാക്കി തമിഴ്നാട്ടിൽ നിന്ന് കരിക്കൻ ബാധിച്ചതും മുരടിച്ചതുമായ വാഴവിത്ത് ഇടനിലക്കാരായ ഏജന്റന്മാർ വഴി വ്യാപകമായി കേരളത്തിലെത്തുന്നുണ്ട്. സ്വർണ മുഖി,മാരിക്കുള്ളൻ, കിന്റൽ വാഴ (100 കിലോ തൂക്കം വരുന്ന കുല ) തുടങ്ങിയ പരസ്യങ്ങളിലൂടെ കർഷകരെ ആകർഷിക്കും. വളം ചെയ്തു വളർന്നു കഴിയുമ്പോഴാണ് കരിക്കനാണെന്നു മനസിലാക്കുക. രണ്ടോ മൂന്ന പടലമാത്രമുള്ള പേട്ടു കുലയായിരിക്കും ലഭിക്കുക.



ഓൺലൈൻ വഴിയും ഏജന്റന്മാർ വഴിയും 500 വിത്തുവരെ വാങ്ങുന്ന കർഷകരുണ്ട്.തമിഴ്നാട്ടിലെ വാഴത്തോട്ടങ്ങളിൽ നിന്നു തള്ളുന്ന രണ്ടാം തരം വിത്തുകളാണ് ഇവ. ലൈസൻസ് ഇല്ലാത്ത സ്ഥാപനത്തിന്റേ പേരിൽ പരാതി കൊടുത്തിട്ടും കാര്യമില്ല.മഴക്കാലത്ത് കൃഷി വകുപ്പ് രണ്ടു പാക്കറ്റ് പച്ചക്കറി വിത്തുമാത്രമാണ് നൽകുന്നത്. തമിഴ്നാട്ടിൽ നിന്നും മറ്റുമെത്തുന്ന ഗുണനിലവാരമില്ലാത്ത വിത്തുകൾ പരിശോധിച്ച് വിൽപ്പനക്കാർക്കെതിരെ നടപടിയെടുക്കാൻ ഒരു സംവിധാനവും കൃഷി വകുപ്പിനില്ലാത്തതിനാലാണ് കർഷകർ കബളിപ്പിക്കപ്പെടുന്നത്.

# തെങ്ങിന് ഇത് പരിചരണകാലം

കേര കൃഷി ആദായകരമാക്കാൻ കൃത്യമായ ഇടവേളകളിൽ തെങ്ങിന് പരിചരണം നൽകണം. വർഷകാലാരംഭത്തിൽ വിത്തുതേങ്ങകൾ പാകുന്നതുമുതൽ സസ്യസംരക്ഷണ മാർഗങ്ങൾവരെയുള്ള പ്രധാന പ്രവർത്തനം നടത്തണം.

തെങ്ങിൻതൈകൾ നടുന്നതിന് ഏറ്റവും അനുയോജ്യമായ സമയമാണിപ്പോൾ. ഒരിക്കൽ ഫലം നൽകിത്തുടങ്ങിയാൽ തുടർച്ചയായി വർഷങ്ങളോളം ആദായം നൽകുന്ന വിളയായാണിത്. അതുകൊണ്ടുതന്നെ നടീൽ വസ്തുക്കളുടെ ഗുണമേന്മയെ ആശ്രയിച്ചാണ് തൈകളുടെ വളർച്ചയും ഭാവിയിൽ അവയിൽനിന്നുള്ള ആദായവും.

നല്ല കരുത്തുള്ളതും ഒരു വർഷം പ്രായമായതുമായ തൈകളാണ് നടാൻ തിരഞ്ഞെടുക്കേണ്ടത്. നെടിയ ഇനങ്ങൾക്ക് 56 ഓലകളും ഒരു മീറ്ററിൽ കൂടുതൽ ഉയരവും 8 സെന്റീമീറ്റർ കണ്ണാടി കനവും കാണും. ധാരാളം വേരുകളുള്ളതും നേരത്തെ മുളച്ച് വേഗത്തിൽ വളർന്നു വന്നതുമായ തൈകൾ ഉത്തമം. പോളി ബാഗുകളിൽ പരിപാലിക്കുന്ന തൈകളാണ് മികച്ച വളർച്ച കാണിക്കുന്നത്.

നല്ലതുപോലെ സൂര്യപ്രകാശം ലഭിക്കുന്നതും നീർവാർച്ചാ സൗകര്യവുമുള്ള സ്ഥലത്തു വേണം തൈകൾ നടാൻ. വളരെ അടുത്തടുത്ത് നിൽക്കുകയും മറ്റു മരങ്ങളുടെ തണലിൽ വളരുകയും ചെയ്യുന്ന ചെറുതെങ്ങുകൾ കായ്ക്കാൻ വൈകും. ഉൽപ്പാദനം കുറവുമായിരിക്കും.തൈകൾ നടുന്നത് 7.5 മീറ്റർ അകലം പാലിച്ച് വേണം. നാളികേരതോട്ടത്തിൽ ബഹുവിള കൃഷിസമ്പ്രദായം ഉദ്ദേശിക്കുന്നെങ്കിൽ 10 : 10 മീറ്ററാണ് ഇടയകലം.



മണ്ണിന്റെ സ്വഭാവം അനുസരിച്ച് കുഴിയുടെ ആഴം മാറും. പാറയോട് കൂടിയ വെട്ടുകൽ മണ്ണാണെങ്കിൽ 1.5 മീറ്റർ നീളവും 1.5 മീറ്റർ വീതിയും 1.2 മീറ്റർ ആഴവുമുള്ള കുഴികൾ എടുക്കണം. ഉണക്കി പൊടിച്ച ചാണകം, മേൽമണ്ണ്, ചാരം എന്നിവ കലർന്ന മിശ്രിതം 60 സെന്റീമീറ്റർ ഉയരത്തിൽ കുഴികളിൽ നിറയ്ക്കണം. ചെങ്കൽ പ്രദേശങ്ങളിൽ കുഴി ഒന്നിന് 2 കിലോ ഗ്രാം വീതം ഉപ്പു ചേർക്കുന്നത് മണ്ണിന് അയവ് കിട്ടാൻ സഹായകമാകും. ഇങ്ങനെ പകുതി നിറച്ച കുഴിയുടെ നടുവിൽ ചെറിയ കൈക്കുഴി ഉണ്ടാക്കി അതിൽ തൈ വെച്ച് ചുറ്റും മണ്ണിട്ട് ഉറപ്പിക്കണം. കുഴിയിൽ തൈ നടുമ്പോൾ കണ്ണാടി ഭാഗം മണ്ണ് കൊണ്ട് മൂടിപ്പോകാതിരിക്കാൻ ശ്രദ്ധിക്കണം. തൈകൾ നട്ടശേഷം ബലമുള്ള കുറ്റി അടിപ്പിച്ച് ബന്ധിപ്പിച്ചാൽ കാറ്റിൽ തൈ വീഴാതെ സംരക്ഷിക്കാം. തൈകൾക്ക് ആവശ്യമായ തണലും നൽകണം. മഴയില്ലെങ്കിൽ തൈകൾക്ക് നനയും നൽകണം.

നട്ട് ആദ്യവർഷംമുതൽ വളപ്രയോഗം നടത്തണം. രാസവളപ്രയോഗത്തിനൊപ്പം ജൈവവളവും ചേർത്തുള്ള സംയോജിത വളപ്രയോഗമാണ് നല്ലത്. ഇപ്പോൾ നടുന്ന തൈകൾക്ക് തുലാവർഷത്തിൽ വളപ്രയോഗം നടത്തിയാൽ മതി. എന്നാൽ, ഒരു വർഷത്തിനുമേൽ പ്രായമായ തൈകൾക്ക് ഇപ്പോൾ വളപ്രയോഗം അനിവാര്യം. രാസവളപ്രയോഗത്തിന് രണ്ടാഴ്ചമുമ്പ് തെങ്ങ് ഒന്നിന് രണ്ട് കിലോഗ്രാം ഡോളമൈറ്റോ കുമ്മായമോ നൽകണം. തെങ്ങിന് വർഷത്തിൽ 500 ഗ്രാം പാക്യജനകം, 320 ഗ്രാം ഭാവഹം, 200 ഗ്രാം ക്ഷാരം എന്നതോതിൽ വളം നൽകണം. മഴയെ ആശ്രയിച്ചുള്ള തെങ്ങിൻ തോപ്പുകളിൽ ശുപാർശ ചെയ്തിട്ടുള്ള വളത്തിന്റെ മൂന്നിലൊന്ന് ഇപ്പോൾ നൽകാം. അതിനായി 360 ഗ്രാം യൂറിയ, 500 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 700 ഗ്രാം മ്യൂറേറ്റ് ഓഫ് പൊട്ടാഷ് എന്നിവ തെങ്ങ് ഒന്നിന് നൽകണം. ശേഷിക്കുന്ന മൂന്നിൽ രണ്ടുഭാഗം തുലാവർഷാരംഭത്തിൽ നൽകാം. തെങ്ങിൻ ചുവട്ടിൽനിന്ന് 1.8 മീറ്റർ അകലത്തിൽ തടം ഇളക്കി വിതറി മണ്ണിട്ടു മൂടണം.

വർഷകാലാരംഭം തെങ്ങിൻ നഴ്സറി സ്ഥാപിക്കുന്നതിനും പറ്റിയ സമയമാണ്. തുറസ്സായ സ്ഥലങ്ങളിൽ നഴ്സറികൾ സ്ഥാപിക്കുമ്പോൾ കൃത്രിമമായി തണൽ നൽകണം. തെങ്ങിൻ തോപ്പുകളിലും നഴ്സറി സ്ഥാപിക്കാം. വീതി കുറഞ്ഞ നീളമുള്ള തവാരണകളിൽ 20, 25 സെന്റീമീറ്റർ ആഴത്തിലുള്ള കാനകൾ നിർമിച്ച് അവയിൽ 40 : 30 സെന്റീമീറ്റർ അകലത്തിൽ ലംബമായോ തിരശ്ചീനമായോ വിത്തു തേങ്ങകൾ പാകാം.

തെങ്ങിൻ തോട്ടത്തിന് യോജിച്ച ഇടവിളകളും മിശ്രവിളകളും മഴക്കാലത്തോടെ നടാം. വാഴ, പൈനാപ്പിൾ, ഇഞ്ചി, മഞ്ഞൾ, കപ്പ, മധുരക്കിഴങ്ങ് തുടങ്ങിയ ഹ്രസ്വകാല വിളകളും കുരുമുളക്, ജാതി, വാനില, കൊക്കോ, ഗ്രാമ്പൂ, കറുവാപ്പട്ട തുടങ്ങിയ ദീർഘകാല വിളകളും നട്ടു പരിപാലിക്കാം. വർഷകാലാരംഭത്തിൽ തെങ്ങിന്റെ പ്രധാന ശത്രുക്കളായ കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി, വേരുതീനിപ്പുഴു എന്നിവയുടെ ആക്രമണം രൂക്ഷമാകും. കൂമ്പ് ചീയൽ, ഓല ചീയൽ എന്നീ രോഗങ്ങളും. ഇവയ്ക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കണം.

തെങ്ങിൻ തോട്ടങ്ങൾ വൃത്തിയായി സൂക്ഷിക്കണം. മടലുകൾ വെട്ടുമ്പോൾ തടിയിൽനിന്നും ഒരു മീറ്റർ മാറിമുറിക്കുക. വളക്കുഴികളിൽ മെറ്റാറൈസിയം എന്ന മിത്ര കുമളിനെ നിക്ഷേപിക്കുക.തെങ്ങിൻ തടത്തിൽ അഞ്ചു കിലോഗ്രാം വേപ്പിൻ പിണ്ണാക്ക് ചേർത്ത് കൊടുക്കുന്നത് നല്ലത്.

തെങ്ങിന്റെ മുകൾഭാഗം കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുക.

# കണ്ണമ്പ്ര വ്യവസായ പാർക്ക് കാടുകയറി



**വടക്കഞ്ചേരി:** കണ്ണമ്പ്ര വ്യവസായ പാർക്കിനായി ഏറ്റെടുത്ത ഭൂമി കാടുകയറി നശിക്കുന്നു. രണ്ടായിരം കോടി രൂപയുടെ പദ്ധതി കിൻഫ്രയുടെ നേതൃത്വത്തിൽ കോയമ്പത്തൂർ കൊച്ചി ഇടനാഴിയായ കണ്ണമ്പ്ര വ്യവസായ പാർക്കിൽ വരുമെന്നാണ് ബന്ധപ്പെട്ടവർ പറഞ്ഞിരുന്നത്. എന്നാൽ സാമൂഹികാഘാത പഠനം വീണ്ടും നടത്തി അംഗീകാരം കിട്ടിയാൽ മാത്രമേ പദ്ധതികൾ ആരംഭിക്കാനാകൂ എന്ന് കിൻഫ്ര അധികൃതർ അറിയിച്ചു. ഇതിന്റെ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

വ്യവസായ പാർക്കിന് അനുയോജ്യമായ ഭൂമിയാണു കണ്ണമ്പ്രയിലുള്ളതെന്നും വ്യവസായ പാർക്ക് വന്നാലുള്ള നേട്ടങ്ങൾ കണക്കാക്കുമ്പോൾ സാമൂഹിക പ്രത്യാഘാതം കുറവാണെന്നും കേരള വൊളന്ററി ഹെൽത്ത് സർവീസിന്റെ നേതൃത്വത്തിൽ നടത്തിയ സാമൂഹിക പ്രത്യാഘാത പഠനം വ്യക്തമാക്കിയതാണ്. തുടർന്നാണു 172 പേരുടെ 296 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തത്. 2016 ജൂലൈ 16ന് അന്നത്തെ മന്ത്രി എ.കെ.ബാലന്റെ അധ്യക്ഷതയിൽ ഭൂവുടമകളുടെ യോഗം വിളിച്ചു ഭൂമി വിട്ടുനൽകൽ നടപടിക്കു തുടക്കം കുറിച്ചു. എന്നാൽ 7 വർഷമായിട്ടും ഭൂമി ഏറ്റെടുക്കൽ ഒഴികെ മറ്റു പ്രവൃത്തികളൊന്നും നടന്നിട്ടില്ല. വീണ്ടും 12 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കുന്നതിന്റെ നടപടക്രമങ്ങൾ അവസാന ഘട്ടത്തിലാണ്.

കണ്ണമ്പ്ര വ്യവസായ പാർക്കിൽ വിവിധ പദ്ധതികൾ ആരംഭിക്കുന്നതിനു മുൻപു വീണ്ടും സാമൂഹിക ആഘാതപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണം. ഇതിന്റെ നടപടികൾ നടന്നുവരുന്നുണ്ട്. ഏറ്റെടുത്ത 296 ഏക്കർ ഭൂമിയും ഫലസമ്പുഷ്ടമായ കൃഷി ഭൂമിയാണ്. പദ്ധതി പ്രദേശത്തും പുറമേയുമുള്ള ആളുകളെ കണ്ട് അഭിപ്രായം തേടിയാണു റിപ്പോർട്ട് തയാറാക്കുക. പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത ഭൂമിയിൽ 10 ഏക്കർ ഒഴിച്ചു ബാക്കി ഭാഗങ്ങൾ റബർ കൃഷിചെയ്യുന്ന സ്ഥലങ്ങളാണ്.

പദ്ധതി പ്രദേശത്ത് ഒരു ഹെക്ടർ സ്ഥലത്തു മാത്രമാണു ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്നത്. ഏറെ ജലസ്രോതസ്സുകളുള്ള പ്രദേശത്തു കടുത്ത വേനലിലും വറ്റാത്ത വെള്ളമുണ്ട്. ഈ ജലസ്രോതസ്സുകൾ പൊതു ജലസ്രോതസ്സുകളായി സംരക്ഷിക്കണമെന്നും വ്യവസായങ്ങൾ വരുമ്പോൾ അമിത ജലചൂഷണം കണക്കിലെടുത്തു പ്രദേശത്തു പ്രത്യേക ജലവിതരണ പദ്ധതി കൊണ്ടുവരണമെന്നും ആവശ്യമുയർന്നിട്ടുണ്ട്. യോഗ്യതയുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശത്തുള്ളവർക്കു ജോലി ലഭ്യമാക്കണമെന്നും പ്രദേശത്തുകാർ പറഞ്ഞു.

# ആചാരപ്പെരുമയിൽ വിളനാട്ടിയുത്സവം



**മാനന്തവാടി:** ആചാര പൊലിമയിൽ എടത്തന തറവാട്ടിൽ വിളനാട്ടിയുത്സവം നടത്തി. തറവാടിന് സ്വന്തമായുള്ള 15 ഏക്കർ പാടശേഖരത്തിലാണ് നെൽക്കൃഷി ചെയ്തത്. സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടെ ഇരുനൂറിലധികം പേർ പാടത്തിറങ്ങിയതു സവിശേഷ കാഴ്ചയായി. വയനാടിന്റെ തനത് നെൽവിത്തായ വെളിയനും ഗന്ധകശാലയുമാണു കൃഷിക്ക് ഉപയോഗിച്ചത്. ജൈവ വളങ്ങളും പാരമ്പര്യ അറിവുകളും സമന്വയിപ്പിച്ചുള്ള കൃഷി രീതിയാണ് കാലങ്ങളായി ഇവിടെ തുടരുന്നത്.

ഏത് പ്രതിസന്ധി ഘട്ടത്തിലും ഇവിടെ നെൽക്കൃഷി മുടക്കാറില്ല. ഞാറ്റടി തയാറാക്കുന്നത് മുതൽ കൊയ്ത്ത് വരെ അതീവ ശ്രദ്ധയോടെയാണ് ഇവിടെ നെൽക്കൃഷിയെ പരിപാലിക്കുന്നത്. പൂജാ ചടങ്ങുകൾക്ക് ശേഷമാണു നാട്ടിക്കു തുടക്കം കുറിച്ചത്. മുൻപ് ഏരുകളെ ഉപയോഗിച്ചാണ് നെൽക്കൃഷിക്കായി നിലം ഒരുക്കിയിരുന്നതെങ്കിൽ ഇപ്പോൾ ടില്ലറാണ് ഉപയോഗിക്കുന്നത്. നെല്ല് നടാൻ തറവാട്ടിലെ സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ എല്ലാവരും പാടത്തിറങ്ങും. നഞ്ചക്കൃഷിയാണ് എടത്തനയിൽ എല്ലാ വർഷവും ചെയ്തു വരുന്നത്.

ജലക്ഷാമം മൂലം പുഞ്ചക്കൃഷി വിപുലമായ രീതിയിൽ ചെയ്യാൻ കഴിയാറില്ല. നെൽക്കൃഷിയും നെൽവിത്തുകളും സംരക്ഷിച്ച് നിലനിർത്തിയതിന് ഇതിനകം ഒട്ടേറെ പുരസ്കാരങ്ങളും എടത്തന തറവാടിന് ലഭിച്ചിട്ടുണ്ട്. 200ൽ ഏറെ കുടുംബങ്ങൾ എടത്തന തറവാട്ടിലുണ്ട്. തറവാട്ടിൽ നടക്കുന്ന പുത്തരി ഉത്സവം, വിവാഹം, തറവാട്ടിലെ അംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ തുടങ്ങി എല്ലാ ആവശ്യങ്ങൾക്കും അരി ഒരു മണി പോലും ഇതുവരെ പുറമേ നിന്നു വാങ്ങേണ്ടി വന്നിട്ടില്ല. ജില്ലയുടെ വിവിധ ഭാഗങ്ങളിലുള്ള തറവാട്ടിലെ എല്ലാ കുടുംബാംഗങ്ങളും കൃഷി ഇറക്കാനും വിളവെടുപ്പിനും ഒത്ത് ചേരുമെന്നതും ഇവിടത്തെ സവിശേഷതയാണ്. തറവാട്ടിലെ ഒടേക്കാരൻ ഇ.കെ. ചന്തുവിന്റെ നേതൃത്വത്തിലാണ് കൃഷി ചെയ്യുന്നത്. കൃഷി വകുപ്പും നെൽക്കൃഷിക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്നുണ്ട്.

## അണക്കെട്ടുകളിൽ സുരക്ഷാ പരിശോധന പൂർത്തിയായി

**കൊല്ലങ്കോട്:** കേന്ദ്ര ജല കമ്മിഷന്റെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ ഡാം സേഫ്റ്റി ഓർഗനൈസേഷൻ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ജില്ലയിലെ അണക്കെട്ടുകളിൽ നടത്തുന്ന സുരക്ഷാ പരിശോധന പൂർത്തിയായി. മീങ്കര, ചുള്ളിയാർ അണക്കെട്ടുകളിലായിരുന്നു പരിശോധന. ഡാമിന്റെ ഷട്ടർ, എർത്ത് ഡാം പ്രദേശങ്ങൾ ഉൾപ്പെടെയുള്ള മേഖലയിലെ സുരക്ഷ, കെട്ടിന്റെ ഭദ്രത തുടങ്ങിയവയാണു പ്രധാനമായും പരിശോധിച്ചത്.

ജലാശയങ്ങളുടെ ബലവും സുരക്ഷയും ഉറപ്പു വരുത്തണമെന്ന കേന്ദ്ര ജല കമ്മിഷന്റെ നിർദേശത്തിന്റെ കൂടി അടിസ്ഥാനത്തിലാണ് എല്ലാ വർഷവും ഡാമുകളിൽ സംസ്ഥാന ഡാം സേഫ്റ്റി ഓർഗനൈസേഷൻ സുരക്ഷാ പരിശോധനകൾ നടത്തുന്നത്. കേരള ഡാം സേഫ്റ്റി ഓർഗനൈസേഷൻ ചെയർപഴ്സൻ എസ്.സുപ്രിയയുടെ നേതൃത്വത്തിൽ, ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ കെ.കെ.ജയശ്രീ, അസി. എക്സിക്യൂട്ടീവ് എൻജിനീയർ ആർ.ഹരി, ചിറ്റൂർ പുഴ പദ്ധതി അസി. എക്സിക്യൂട്ടീവ് എൻജിനീയർ ടി.പി.ശുഭ, അസി. എൻജിനീയർ റോണി ജോയ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.

ചുള്ളിയാർ, മീങ്കര അണക്കെട്ടുകളിൽ സംഭരണശേഷി കൂട്ടുന്നതിനു ചെളിയും മണ്ണും നീക്കി മണലാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്ന പ്രദേശങ്ങളിലും അതിന്റെ സാങ്കേതികമായ കാര്യങ്ങളും ഡാം സുരക്ഷാ വിഭാഗം പരിശോധിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ മലമ്പുഴ, ശിരുവാണി, കാഞ്ഞിരപ്പുഴ അണക്കെട്ടുകളിൽ പരിശോധന നടത്തി.

## ഐ എച്ച് ആർ ഡി എൻജിനീയറിങ് കോളജുകളിൽ സീറ്റുകൾ വർധിപ്പിച്ചു

**കൊല്ലം:** ഐ എച്ച് ആർ ഡി യുടെ കീഴിലെ കൊട്ടാരക്കര ഉൾപ്പെടെ ആറ്റിങ്ങൽ, പൂഞ്ഞാർ എഞ്ചിനീയറിങ് കോളജുകളിൽ ഈ അധ്യയനവർഷം മുതൽ കമ്പ്യൂട്ടർ സയൻസ് അടക്കം എല്ലാ ബ്രാഞ്ചുകളിലേയും 75 ശതമാനം സീറ്റുകൾ സർക്കാർ സീറ്റുകളാക്കി.

കരുനാഗപ്പള്ളി, അടൂർ, ചേർത്തല, കല്ലൂപ്പാറ, എഞ്ചിനീയറിങ് കോളജുകളിൽ കമ്പ്യൂട്ടർ സയൻസ് ഒഴിച്ചുള്ള മറ്റ് ബ്രാഞ്ചുകളിലും 75 ശതമാനം സീറ്റുകൾ സർക്കാർ സീറ്റുകളായി വർധിപ്പിച്ചു. ഐ എച്ച് ആർ ഡി യുടെ നിയന്ത്രണത്തിലുള്ള ഏഴ് എഞ്ചിനീയറിങ് കോളജുകളിൽ 75 ശതമാനം സീറ്റുകൾക്കും സർക്കാർ നിശ്ചയിച്ച കുറഞ്ഞ ഫീസ് നൽകിയാൽ മതി. കരുനാഗപ്പള്ളി എഞ്ചിനീയറിങ് കോളജിൽ പുതുതായി ആരംഭിച്ച ഇലക്ട്രോണിക്സ് ആൻഡ് വി എൽ എസ് ഐ ബി ടെക് കോഴ്സിനും സീറ്റുകൾ വർധിപ്പിച്ചിട്ടുണ്ട്. ഫോൺ: 0471 2322501, 2322985.

## ആരോഗ്യകേരളത്തിൽ ഒഴിവുകൾ

**ഇടുക്കി:** ആരോഗ്യകേരളം (എൻ.എച്ച്.എം) ഇടുക്കിയുടെ കീഴിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഡെവലപ്പ്മെന്റ് തെറാപ്പിസ്റ്റ്, ജൂനിയർ കൺസൾട്ടന്റ്, പീഡിയാട്രിഷ്യൻ, അനസ്തെറ്റിസ്റ്റ് എന്നീ തസ്തികകളിലേക്ക് കരാർ നിയമനം നടത്തുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. ജൂലൈ 19 ന് കുയിലിമലയിലെ ജില്ലാ പ്രോഗ്രാം മാനേജർ, ആരോഗ്യകേരളം, ഇടുക്കിയുടെ ഓഫീസിൽ വെച്ചായിരിക്കും അഭിമുഖം. യോഗ്യരായ ഉദ്യോഗാർഥികൾ അന്നേ ദിവസം രാവിലെ 11 മണിക്ക് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പുകളുമായി ഹാജരാകണം. ക്ലിനിക്കൽ സൈക്കോളജിയിൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ എം.ഫിൽ, ആർ.സി.ഐ രജിസ്ട്രേഷൻ എന്നിവയാണ് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിലേക്കുള്ള യോഗ്യത. പ്രവൃത്തിപരിചയം അഭികാമ്യം. പ്രായപരിധി 2023 ജൂലൈ ഒന്നിന് 40 വയസിൽ കവിയരുത്. മാസവേതനം 20,000 രൂപയായിരിക്കും.

ഡവലപ്പ്മെന്റ് തെറാപ്പിസ്റ്റ് തസ്തികയിലെക്കുള്ള യോഗ്യത അംഗീകൃത സർവകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം, ക്ലിനിക്കൽ ചൈൽഡ് ഡെവലപ്പ്മെന്റൽ പി.ജി ഡിപ്ലോമ അല്ലെങ്കിൽ ഡിപ്ലോമ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ് എന്നിവയാണ്. ന്യൂബോൺ ഫോളോഅപ്പ് ക്ലിനിക്കിൽ പ്രവൃത്തിപരിചയം അഭികാമ്യം. പ്രായപരിധി 2023 ജൂലൈ ഒന്നിന് 40 വയസിൽ കൂടരുത്. മാസവേതനം 16,180 രൂപയായിരിക്കും.

ജൂനിയർ കൺസൾട്ടന്റ് (എം ആന്റ് ഇ) തസ്തികയിലേക്കുള്ള യോഗ്യത എം.പി.എച്ചും ബി.ഡി.എസ് അല്ലെങ്കിൽ ബി.എസ്.സി നഴ്സിങ് എന്നിവയാണ്. ഒരു വർഷ പ്രവൃത്തിപരിചയം അഭികാമ്യം. നിശ്ചിത യോഗ്യത ഇല്ലാത്തവരുടെ അഭാവത്തിൽ എം.പി.എച്ചും ആയുർവേദവും ഉള്ളവരെ പരിഗണിക്കും. പ്രായപരിധി 2023 ജൂലൈ ഒന്നിന് 40 വയസിൽ കൂടരുത്. മാസവേതനം 25,000 രൂപയായിരിക്കും.

പീഡിയാട്രിഷ്യൻ ഡി.ഇ.ഐ.സി ഇടുക്കി തസ്തികയിലേക്കുള്ള യോഗ്യത എം.ഡി അല്ലെങ്കിൽ ഡി.എൻ.ബി പീഡിയാട്രിക്സും ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04862 232221.

# വിനോദവും വിജ്ഞാനവും പകർന്ന് പൊതുവിദ്യാലയങ്ങളിലെ കഥോത്സവം



**കൊച്ചി:** പ്രീ പ്രൈമറി വിദ്യാർത്ഥികളിൽ വിനോദവും വിജ്ഞാനവും പകർന്ന് പൊതുവിദ്യാലയങ്ങളിൽ സംഘടിപ്പിച്ച കഥോത്സവം പരിപാടി. വിദ്യാർത്ഥികളിൽ ഭാഷാവികാസം ലക്ഷ്യമിട്ടു കൊണ്ടാണ് ജില്ലയിലെ സർക്കാർ സ്കൂളുകളിൽ 'കഥോത്സവം' സംഘടിപ്പിച്ചത്.പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പുത്തൻത്തോട് ഗവ. ഹയർ സെക്കന്ററി സ്കൂൾ, കുമ്പളത്തെ ഗവ. എൽ.പി സ്കൂൾ ഉദയത്തുംവാതിൽ, കുമ്പളങ്ങി ഗവ. യു. പി സ്കൂൾ, ഗവ.യു. പി. സ്കൂൾ പള്ളുരുത്തി എന്നിവിടങ്ങളിലാണ് കഥോത്സവം സംഘടിപ്പിച്ചത്. വിദ്യാർത്ഥികളും അധ്യാപകരും മാതാപിതാക്കളും പരിപാടിയിൽ ഒരുപോലെ പങ്കാളികളായി. കഥ പറച്ചിൽ , കഥ വായന , കഥാവതരണം എന്നിവയുടെ വ്യത്യസ്ത സംസ്കാരം വീട്ടിലും പ്രീ സ്കൂളിലും സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് പൊതു വിദ്യാഭ്യാസ വകുപ്പ് സ്കൂളുകളിൽ കഥോത്സവം സംഘടിപ്പിക്കുന്നത്. കുട്ടികളിൽ മികച്ച ഭാഷാ വികാസം ഉറപ്പിച്ച് മറ്റ് മേഖലകളിലെ ശേഷികൾ വർദ്ധിപ്പിക്കുന്നതിനും കഥോത്സവം സഹായകരമാവും. കഥോത്സവത്തിന്റെ ഭാഗമായി വിവിധ സ്കൂളുകളിൽ ശില്പശാലകളും സംഘടിപ്പിച്ചു. ജൂൺ 30 മുതൽ ജൂലൈ ആദ്യവാരം വരെ ഒരാഴ്ചക്കാലമാണ് സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കഥോത്സവം അരങ്ങേറിയത്.

# മേഘാലയ നിയമസഭ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അംഗങ്ങൾക്ക് കൊച്ചിയിൽ സ്വീകരണം

**കൊച്ചി:** മേഘാലയ നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പി എ സി ) അംഗങ്ങൾ കൊച്ചിയിൽ സന്ദർശനം നടത്തി. ലെക്മെൻ റിംബുയി എം.എൽ.എ., റുപ്പോർട്ട് എം. മോമിൻ എം.എൽ.എ.,സ്പെഷ്യൽ ഓഫീസർ സഞ്ജയ് കെ. റബ്ബ,പി എ സി അസിസ്റ്റന്റ് ആർ. മർബാനിയാങ്,റിപ്പോർട്ടർ ഡി.ഡക്കർ എന്നിവർ അടങ്ങിയ സംഘത്തിന് കെ. എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ ഗവ. ഗസ്റ്റ് ഹൗസിൽ ഔദ്യോഗിക സ്വീകരണം നൽകി.

പി എ സിയുടെ പഠനപരിപാടിയുടെ ഭാഗമായാണ് ഇവർ കൊച്ചിയിലെത്തിയത്. മേഘാലയയും കൊച്ചിയും തമ്മിലുള്ള സാംസ്കാരിക സമന്വയത്തിനും സൗഹാർദത്തിനും അടിത്തറ പാകുന്ന സന്ദർശനമാണിതെന്ന് കെ.എൻ. ഉണ്ണിക്കൃഷ്ണൻ എം.എൽ.എ അഭിപ്രായപ്പെട്ടു.ദൈവത്തിന്റെ സ്വന്തം നാടെന്ന് അറിയപ്പെടുന്ന കേരളത്തിന്റെ വിനോദ സഞ്ചാരമേഖലയിൽ നിന്ന്



പലതും പഠിക്കാനുണ്ടെന്നും പരസ്പരം പ്രയോജനപ്പെടുത്താമെന്ന്പ്രതീക്ഷിക്കുന്നുവെന്നും ലെക്മെൻ റിംബുയി എം.എൽ.എ പറഞ്ഞു. ചടങ്ങിൽ അതിഥികൾക്ക് കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ എ ഉപഹാരം നൽകി. സന്ദർശനം നാല് ദിവസം നീളും.

## നെഹ്റു ട്രോഫി ഭാഗ്യചിഹ്നം; എൻട്രികൾ ക്ഷണിച്ചു

**ആലപ്പുഴ:** 69ാമത് നെഹ്റു ട്രോഫിരേ ജലമേളയുടെ ഭാഗ്യചിഹ്നം നിശ്ചയിക്കാൻ പബ്ലിസിറ്റി കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന തലത്തിൽ മത്സരം നടത്തുന്നു. ജൂലൈ 19ന് വൈകിട്ട് 5 വരെ എൻട്രികൾ സമർപ്പിക്കാം. എ 4 സൈസ് ഡ്രോയിംഗ് പേപ്പറിൽ മൾട്ടി കളറിലാണ് ഭാഗ്യചിഹ്നം തയ്യാറാക്കേണ്ടത്.സൃഷ്ടികൾ മൗലികമായിരിക്കണം. എൻട്രികൾ അയക്കുന്ന കവറിൽ '69ാമത് നെഹ്റു ട്രോഫി ജലമേള ഭാഗ്യചിഹ്നമത്സരം' എന്നു രേഖപ്പെടുത്തിയിരിക്കണം. ഒരാൾക്ക് ഒരു എൻട്രിയേ സമർപ്പിക്കാനാകൂ. പേര്, മേൽവിലാസം, ഫോൺ നമ്പർ, ഇമെയിൽ എന്നിവ പ്രത്യേകം പേപ്പറിൽ എഴുതി എൻട്രിക്കൊപ്പം സമർപ്പിക്കണം. കമ്പ്യൂട്ടറിൽ തയ്യാറാക്കിയ എൻട്രികളും സ്വീകരിക്കും.തിരഞ്ഞെടുക്കപ്പെടുന്ന സൃഷ്ടിയ്ക്ക് 5001 രൂപ സമ്മാനമായി നൽകും. സൃഷ്ടികൾ മൗലികമല്ലെന്നു തെളിഞ്ഞാൽ തള്ളിക്കളയാനുള്ള അധികാരവും സമ്മാനാർഹമായ സൃഷ്ടിയുടെ പൂർണ അവകാശവും നെഹ്റു ട്രോഫി പബ്ലിസിറ്റി കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. വിധിനിർണയ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.എൻട്രികൾ കൺവീനർ, നെഹ്റു ട്രോഫി പബ്ലിസിറ്റി കമ്മിറ്റി, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, ആലപ്പുഴ 688001 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 04772251349

## ജില്ലാ പഞ്ചായത്തിൽ താൽക്കാലിക നിയമനം

**കൊച്ചി:**എറണാകുളം ജില്ലാ പഞ്ചായത്തിൻറെ വിവിധ പദ്ധതികളിലേക്കായി കുട്ടമ്പുഴ, വേങ്ങൂർ, എടക്കാട്ടുവയൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിരതാമസക്കാരും ബിഎസ് സി നഴ്സിംഗ്, പാരാ മെഡിക്കൽ എന്നീ യോഗ്യതകളിൽ ഏതെങ്കിലുമുള്ളവരുമായ ഉദ്യോഗാർത്ഥികളിൽ നിന്നും പദ്ധതി കാലയളവിലേക്ക് താത്കാലികമായി നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പട്ടികവർഗത്തിൽപ്പെട്ട അപേക്ഷകർക്ക് മുൻഗണന ഉായിരിക്കും. പ്രായപരിധി 20 നും 40 നും മധ്യേ, പ്രതിമാസ വേതനം 20000 രൂപ. കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിലായിരിക്കും നിയമനം. ഒഴിവുകൾ 2. അപേക്ഷ അയയ്ക്കേ വിലാസം ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, മിനി സിവിൽ സ്റ്റേഷൻ, മുടവൂർ പി.ഒ, മുവാറ്റുപുഴ 686669. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ജൂലൈ 25 വൈകിട്ട് 4 വരെ. വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വയസ്, ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി ഹാജരാക്കേതാണ്. പ്രവർത്തന മേഖല കുട്ടമ്പുഴ ഗ്രാമപഞ്ചായത്തുകളിലെ പട്ടികവർഗ സങ്കേതങ്ങൾ, എടയ്ക്കാട്ടുവയൽ, പൊങ്ങിൻചുവട് പട്ടികവർഗ സങ്കേതങ്ങൾ എന്നിവിടങ്ങളിലായിരിക്കും.

## കെൽട്രോണിൽ മോണ്ടിസോറി ടീച്ചർ ട്രെയിനിംഗ് ഫ്രീ വർക്ക്ഷോപ്പ്

**കൊച്ചി:**സംസ്ഥാന സർക്കാർ സ്ഥാപനമായ കെൽട്രോൺ നടത്തിവരുന്ന ഡിപ്ലോമ ഇൻ മോസോറി ട്രെയിനിംഗ് കോഴ്സിൻറെ ഫ്രീ ഓൺലൈൻ ക്ലാസ് ജൂലൈ 20, 21, 22 തീയതികളിൽ വൈകുന്നേരം 7 മുതൽ 8 വരെ നടത്തും. താത്പര്യമുള്ളവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യുക. ഫോൺ 9072592412, 9072592416.

## അധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** 2023-24 അധ്യയന വർഷത്തെ ഹൈസ്കൂൾ ഭാഷ/ഭാഷേതര അധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റതിനായി യോഗ്യതയുള്ള പ്രൈമറി അധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. സ്ഥാനക്കയറ്റത്തിനായി അപേക്ഷിക്കുന്ന തസ്തികയുടെ പേര് ചുവന്ന മഷിയിൽ അപേക്ഷയുടെ മുകളിലായി രേഖപ്പെടുത്തണം. ബന്ധപ്പെട്ട പ്രധാനാധ്യാപകൻ പൂരിപ്പിച്ച അപേക്ഷകൾ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം ജൂലൈ 20നു മുൻപായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ സമർപ്പിക്കണം. 2022-23 അധ്യയന വർഷത്തെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരും അപേക്ഷ സമർപ്പിക്കണം. വിവിധ തസ്തികകളിലെ സ്ഥാനക്കയറ്റത്തിനായി തയ്യാറാക്കുന്ന താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് ആഗസ്റ്റ് 20 നകം വിദ്യാഭ്യാസ ഉപഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. പരാതികൾ സെപ്റ്റംബർ അഞ്ചിനു മുൻപായി രേഖാമൂലം സമർപ്പിക്കാം.

# ഹണിറോസിന്റെ 'റേച്ചൽ ' ; ഫസ്റ്റ് ലുക്ക് പോസ്റ്റർ




**കൊച്ചി:** ഹണി റോസ് നെ പ്രധാന കഥാപാത്രമാക്കി സംവിധായകൻ എബ്രിഡ് ഷൈൻ അവതരിപ്പിക്കുന്ന 'റേച്ചൽ' ന്റെ ടൈറ്റിലും ഫസ്റ്റ് ലുക്ക് പോസ്റ്ററും റിലീസായി. ആനന്ദിനി ബാല സംവിധാനം ചെയ്യുന്ന ഈ ചിത്രം ബാദുഷ പ്രൊഡക്ഷൻസ്, പെൻ ആന്റ് പേപ്പർ ക്രിയേഷൻസ് എന്നീ ബാനറിൽ ബാദുഷ എൻ എം,ഷിനോയ് മാത്യു,എബ്രിഡ് ഷൈൻ എന്നിവർ ചേർന്ന് നിർമ്മിക്കുന്നു. ഛായാഗ്രഹണം ചന്ദ്രു ശെൽവരാജ് നിർവ്വഹിക്കുന്നു.രാഹുൽ മണപ്പാട്ട്, എബ്രിഡ് ഷൈൻ എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ മഞ്ജു ബാദുഷ,നീതു ഷിനോയ്,കഥ രാഹുൽ മണപ്പാട്ട്,സംഗീതം,ബിജിഎം അങ്കിത്മേനോൻ,എഡിറ്റർ മനോജ്,ലൈൻ പ്രൊഡ്യൂസർപ്രിജിൻ ജി പി, പ്രൊജക്ട് കോ ഓർഡിനേറ്റർപ്രിയദർശിനി പി എം,പ്രൊഡക്ഷൻ ഡിസൈനർ എം ബാവ, സൗണ്ട് ഡിസൈൻ ശ്രീശങ്കർ,സൗണ്ട് മിക്സ് രാജാകൃഷ്ണൻ എം ആർ,പരസ്യകല ടെൻ പോയിന്റ്,ആർട്ട്(പ്രമോഷൻ സ്റ്റിൽസ്)വിഷ്ണു ഷാജി, ഡിജിറ്റൽ മാർക്കറ്റിംഗ് മാറ്റിനി ലൈവ്,പി ആർ ഒ എ എസ് ദിനേശ്.

# 'കാസർഗോൾഡ്' ടീസർ റിലീസ് ആയി




**കൊച്ചി:** യൂഡ്‌ലി ഫിലിംസിന്റെ മലയാളത്തിലെ നാലാമത്തെ ചിത്രമായ 'കാസർഗോൾഡിന്റെ'ടീസർ, പ്രശസ്ത താരങ്ങളായ പൃഥിരാജ്, ടോവിനോ തോമസ്, ഉണ്ണിമുകുന്ദൻ തുടങ്ങിയവരുടെ ഫേയ്സ്ബുക്ക് പേജിലൂടെ റിലീസ് ചെയ്തു.ആസിഫ് അലി, സണ്ണി വെയ്ൻ, വിനായകൻ തുടങ്ങിയവർ പ്രധാന വേഷങ്ങളിലെത്തി മൃദുൽ നായർ കഥ എഴുതി സംവിധാനം ചെയ്യുന്ന ചിത്രമാണ് 'കാസർഗോൾഡ്'. മുഖരി എന്റർടൈൻമെൻറ്സിന്റെ ബാനറിൽ വിക്രം മെഹ്റ, സിദ്ധാർത്ഥ് ആനന്ദ് കുമാർ,സൂരജ് കുമാർ,റിന്നി ദിവാകർ എന്നിവർ ചേർന്ന് യൂഡ്‌ലി ഫിലിംസുമായി സഹകരിച്ച് സരിഗമ നിർമിക്കുന്ന ചിത്രമാണ് 'കാസർഗോൾഡ്'. ബി ടെക്ക് എന്ന ചിത്രത്തിന് ശേഷം ആസിഫ് അലിയും മൃദുൽ നായരും ഒന്നിക്കുന്ന ചിത്രം കൂടിയാണ് ഇത്. ഷൈൻ ടോം ചാക്കോ, മാളവിക ശ്രീനാഥ്, ശ്രീരഞ്ജിനി നായർ,സിദ്ദിഖ്, സമ്പത്ത് റാം, ദീപക് പറമ്പോൾ,ധ്രുവൻ,അഭിറാം രാധാകൃഷ്ണൻ, പ്രശാന്ത് മുരളി,സാഗർ സൂര്യ, ജെയിംസ് ഏലിയ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.കോപ്രൊഡ്യൂസർസഹിൽ ശർമ്മ.ജെബിൽ ജേക്കബ് ഛായാഗ്രഹണംനിർവ്വഹിക്കുന്നു.സജിമോൻ പ്രഭാകർ തിരക്കഥ സംഭാഷണമെഴുതുന്നു.വൈശാഖ് സുഗുണൻ എഴുതിയ വരികൾക്ക്, വിഷ്ണു വിജയ്,നിരഞ്ജ് സുരേഷ് എന്നിവർ സംഗീതം പകരുന്നു.എഡിറ്റർമനോജ് കണ്ണോത്ത്, കലസജി ജോസഫ്, മേക്കപ്പ്ജിതേഷ് പൊയ്യ, വസ്ത്രാലങ്കാരംമസ്ഹർ ഹംസ,സ്റ്റിൽസ് റിഷാദ് മുഹമ്മദ്,പ്രൊമോ സ്റ്റിൽസ്രജീഷ് രാമചന്ദ്രൻ,പരസ്യകലഎസ് കെ ഡി ഡിസൈൻ ഫാക്ടറി, സൗണ്ട് ഡിസൈൻരംഗനാഥ് രവി,ബിജിഎം വിഷ്ണു വിജയ്,ചീഫ് അസോസിയേറ്റ് ഡയറക്ടർ സുനിൽ കാര്യാട്ടുക്കര, പ്രൊഡക്ഷൻ കൺട്രോളർ വിനോഷ് കൈമൾ,പ്രണവ് മോഹൻ,പി ആർ ഒ എ എസ് ദിനേശ്.

# പ്ലാസ്റ്റിക് സർജറി: സൗജന്യ കൺസൾട്ടേഷൻ

**കൊച്ചി:** ലോക പ്ലാസ്റ്റിക് സർജറി ദിനത്തോടനുബന്ധിച്ചു വിപിഎസ് ലേക്ഷോർ പ്ലാസ്റ്റിക് സർജറി വിഭാഗത്തിൽ ഇന്നു മുതൽ മുതൽ ഈ ജൂലൈ 29 വരെ സൗജന്യ കൺസൾട്ടേഷൻ. വിശദമായ പരിശോധനയ്ക്ക് ശേഷം സർജറിയിൽ പ്രത്യേക ഇളവുകളും ലഭ്യമാണെന്ന ആശുപത്രി അധികൃതർ വാർത്താക്കുറിപ്പിൽ അറിയിച്ചു.ബുക്കിങ്ങിന് 99616 40000

# സോളാർ വൈദ്യുതി; സ്വയം പര്യാപ്തതയ്ക്കൊരുങ്ങി മണീട്



**കൊച്ചി:** സോളാർ വൈദ്യുതി ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടാനൊരുങ്ങി മണീട് ഗ്രാമപഞ്ചായത്ത്. പൂർത്തീകരിച്ച സൗരോർജ പദ്ധതിയുടെ ഉദ്ഘാടനം അനൂപ് ജേക്കബ് എംഎൽഎ നിർവഹിച്ചു. പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് ഓഫീസും അനുബന്ധ സ്ഥാപനങ്ങളും ഡോ. ബി ആർ അംബേദ്കർ കമ്മ്യൂണിറ്റി ഹാളും പൂർണ്ണമായും സോളാർ വൈദ്യുതിയിൽ പ്രവർത്തിക്കും.ഗ്രാമപഞ്ചായത്തിന്റെ 2022 23 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ്സോളാർ പാനൽ സ്ഥാപിച്ചത്. 14 കിലോ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കും. മണീട് ഗ്രാമപഞ്ചായത്ത് ഓഫീസ്, മണീട് കൃഷിഭവൻ, എൽ എസ്സ് ജി ഡി എൻജിനീയറുടെ കാര്യാലയം, വി ഇ ഒ ഓഫീസ്, തൊഴിലുറപ്പ് പദ്ധതി ഓഫീസ്, കുടുംബശ്രീ ഓഫീസ് , പ്രിയദർശിനി വനിതാ പരിശീലന കേന്ദ്രം, പഞ്ചായത്ത് കോൺഫറൻസ് ഹാൾ,പഞ്ചായത്ത് ലൈബ്രറി ഉൾപ്പെടെയുള്ള പഞ്ചായത്ത് ഓഫീസ് സമുച്ചയവും ഡോക്ടർ ബി ആർ അംബേദ്കർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളും ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ സോളാർ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കും.ചടങ്ങിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും സംസ്കൃത ബിരുദത്തിൽ ഒന്നാം റാങ്ക് നേടിയ സിദ്ധാർത്ഥ് പ്രകാശിനെ ആദരിച്ചു.വൈദ്യുതി തടസ്സം തുടർക്കഥയായിട്ടുള്ള പഞ്ചായത്ത്ഓഫീസ് സമുച്ചയവും കമ്മ്യൂണിറ്റി ഹാളുംസോളാർ വൈദ്യുതിയിൽ പ്രവർത്തിക്കുന്നതോടെ പൊതു ജനങ്ങൾക്ക് തടസ്സം കൂടാതെ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി പൂർത്തീകരിച്ചത്. ഹരിത പഞ്ചായത്ത് ആവുന്നതിനോടൊപ്പം വൈദ്യുതി ബില്ലിന്റെഭാരത്തിൽ നിന്ന് പഞ്ചായത്ത് മുക്തമാവുകയും ചെയ്യും. മിച്ചം വരുന്ന വൈദ്യുതി കെഎസ്ഇബിക്ക് നൽകുന്ന തരത്തിലാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്.പഞ്ചായത്തിലെ ഡോ. ബി ആർ അംബേദ്കർ ഹാളിൽ വച്ച് നടന്ന പരിപാടിയിൽ പഞ്ചായത്ത് പ്രസിഡന്റ് വി ജെ ജോസഫ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് മോളി തോമസ്, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി എസ് ജോബ്, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മിനി തങ്കപ്പൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സി ടി അനീഷ്, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ പി കെ പ്രദീപ്, ജ്യോതി രാജീവ്, പഞ്ചായത്ത് മെമ്പർമാരായ പോൾ വർഗീസ് ആഷ്‌ലി എൽദോ, രഞ്ജി സുരേഷ്, പി പ്രമോദ്, ശോഭ ഏലിയാസ്, ബിനി ശിവദാസ്, മിനു മോൻസി, എ കെ സോജൻ, പഞ്ചായത്ത് സെക്രട്ടറി കെ അനിമോൾ, സി ഡി എസ് ചെയർ പേഴ്സൺ ഉഷ രാമചന്ദ്രൻ, വിവിധ രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, പഞ്ചായത്ത് ജീവനക്കാർ, കുടുംബശ്രീ, തൊഴിലുറപ്പ് പ്രവർത്തകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ബ്രാഹ്മണർ ധർമ്മത്തിന്റെയും കലാ സംസ്ക്കാരത്തിന്റേയും പ്രചാരകർ



**കൊച്ചി:** ബ്രാഹ്മണർ ലോകത്തിലെ ധർമ്മത്തിന്റെയും കലാ സംസ്ക്കാരിക സാഹിത്യത്തിന്റേയും പ്രചാരകരാണന്നും എല്ലാ മണ്ഡലങ്ങളിലും വളർച്ചയ്ക്കും ഉന്നമനത്തിനു വേണ്ട അറിവുകളും മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നവരാണെന്നും ബ്രാഹ്മണ സഭ സംസ്ഥാന പ്രസിഡന്റ് കരിമ്പുഴ രാമൻ.ബ്രാഹ്മണ സഭയുടെ സംസ്ഥാന കലാഞ്ജലി 2023 മത്സരങ്ങൾ എറണാകുളം ഗ്രാമജന സമൂഹംകല്യാണ മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.പഠന വിഷയങ്ങളിൽ മാത്രമല്ല പാഠ്യേതര വിഷയങ്ങളിൽ കൂടി നൈപുണ്യം ലഭിച്ചവരാണ് ലോകത്തിലെ വിവിധ മേഖലകളിൽ രാജ്യാന്തര സംഘടനകളുടെ തലപ്പത്ത് ഇരിക്കുന്നത്. യുവജനങ്ങൾ സ്വന്തം കഴിവുകളെ വികസിപ്പിച്ച് വിശ്വ പൗരന്മാരായി തീരണമെന്നും അദ്ദേഹം പറഞ്ഞു.സംസ്ഥാന കലാഞ്ജലി കൺവീനർ പി. അനന്ത സുബ്രമണ്യം , സംസ്ഥാന സെക്രട്ടറി എൻ.വി. ശിവരാമകൃഷ്ണൻ ട്രഷറർ കെ.വി.വാസുദേവൻ, സംസ്ഥാന വനിതാ വിഭാഗം പ്രസിഡന്റ് ഗീതാ സുബ്രമണ്യം , സംസ്ഥാന ജോയിന്റ് സെക്രട്ടറിമാരായ ജി.കെ പ്രകാശ്, ടി.എസ് ജയരാമൻ, എറണാകുളം ജില്ല പ്രസിഡന്റ് കെ.ജി.വി. പതി, സെക്രട്ടറി പി.ആർ ശങ്കരനാരായണൻ , ഗ്രാമ ജന സമൂഹം പ്രസിഡന്റ് ആർ.രാമകൃഷ്ണൻ , പബ് ളിസിറ്റി കൺവീനർ എൻ രാമചന്ദ്രൻ എറണാകുളം ജില്ലാ യുവജന വിഭാഗം പ്രസിഡന്റ് രജ്ജീത് ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു

# വനിത കമ്മിഷൻ സിറ്റിങ്: 15 പരാതികൾ തീർപ്പാക്കി

**കൊച്ചി:** കേരള വനിത കമ്മിഷൻ എറണാകുളം ജില്ലയിൽ നടത്തിയ സിറ്റിങ്ങിൽ രണ്ടാം ദിനം 15 പരാതികൾ തീർപ്പാക്കി. അഞ്ചു പരാതികൾ പോലീസ് റിപ്പോർട്ടിനായി അയച്ചു. ഒരു പരാതിയിൽ പരാതിക്കാർക്ക് കൗൺസലിങ് നൽകാ ൻ തീരുമാനിച്ചു. ശേഷിക്കുന്ന പരാതികൾ അടുത്ത അദാലത്തിന് പരിഗണിക്കും. 56 പരാതികളാണ് രണ്ടാം ദിനം പരിഗണിച്ചത്. ആദ്യ ദിനം 57 പരാതികൾ പരിഗണിച്ചിരുന്നു കുടുംബപ്രശ്നങ്ങൾ, സ്ത്രീകൾ നേരിടുന്ന മറ്റ് പ്രശ്നങ്ങൾ, ഗാർഹിക പീഡനം തുടങ്ങിയ വിഷയങ്ങളിലുള്ള പരാതികളാണ് ലഭിച്ചത്.സിറ്റിങ്ങിൽ വനിത കമ്മിഷൻ അംഗങ്ങളായ അഡ്വ. ഇന്ദിര രവീന്ദ്രൻ, അഡ്വ. എലിസബത്ത് മാമ്മൻ മത്തായി, ഡയറക്ടർ ഷാജി സുഗുണൻ, പാനൽ അഡ്വക്കറ്റുമാരായ അഡ്വ. കെ.ബി രാജേഷ്, അഡ്വ. പി.യമുന, കൗൺസലർ ബി.സന്ധ്യ എന്നിവർ പങ്കെടുത്തു.

# തിരുവോണം: സമ്മാനപ്പെരുമഴയുമായി ബ്രാഹ്മിൻസ്

**കൊച്ചി:** തിരുവോണത്തെ വരവേൽക്കാൻ സമ്മാനപ്പെരുമഴയുമായി ബ്രാഹ്മിൻസ്. ഉപഭോക്താക്കൾക്കും വ്യാപാരികൾക്കും കൈനിറയെ സമ്മാനങ്ങളാണ് ഈ ഓണക്കാലത്ത് ബ്രാഹ്മിൻസ് ഒരുക്കിയിരിക്കുന്നതെന്ന് ബ്രാഹ്മിൻസ്-വിപ്രോ സെയിൽസ് പ്രമോഷൻസ് മാനേജർ കരൺ കടാരിയ, ബിസിനസ് ഡവലപ്മെന്റ് മാനേജർ വി.സി. സെബാസ്റ്റ്യൻ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.ഉപഭോക്താക്കൾക്കായുള്ള വാൽക്കണ്ണാടി പദ്ധതിയുടെ ബമ്പർ സമ്മാനം 10 പവൻ സ്വർണ്ണത്തിന്റെ വാൽക്കണ്ണാടിയാണ്. ഇതോടൊപ്പം ആഴ്ചതോറും ഒരു ഗ്രാം ഗോൾഡ് കോയിൻ സമ്മാനം നേടാനുള്ള അവസരവും ഉപഭോക്താക്കൾക്ക് ലഭിക്കുമെന്നും ഇവർ വ്യക്തമാക്കി. മൽസരത്തിൽ പങ്കെടുക്കാൻ ബ്രാഹ്മിൻസ് സാമ്പാർ പൊടിയുടെ പായ്ക്കറ്റിലെ ലോട്ട് നമ്പർ 57575 എന്ന നമ്പറിലേക്ക് എസ്.എം.എസ് ചെയ്യണം.

BRAHMINS←SPACE→LOT NO←SPACE→DISTRICT എന്ന ഫോർമാറ്റിലാണ് എസ്.എം.എസ് അയയ്ക്കേണ്ടത്.കൂടാതെ ഈ സാമ്പാർ പായ്ക്കറ്റ് ഉപഭോക്താക്കൾ സൂക്ഷിച്ചു വെയ്ക്കുകയും വേണം. സെപ്തംബർ 15 വരെ മാത്രമായിരിക്കും മൽസരത്തിൽ പങ്കെടുക്കാനുള്ള അവസരമെന്നും അധികൃതർ വ്യക്തമാക്കി.അശ്വമേധം സ്കീമിലൂടെ ബി.എം.ഡബ്ല്യു കാർ ഉൾപ്പെടെയുള്ള നിരവധി സമ്മാനങ്ങളാണ് വ്യാപാരികൾക്കായി ഈ ഓണക്കാലത്ത് ബ്രാഹ്മിൻസ് ഒരുക്കിയിരിക്കുന്നതെന്നും ഇവർ വ്യക്തമാക്കി.ഇതിന്റെ ഭാഗമായി അശ്വമേധം ബി.എം.ഡബ്ല്യു കാർ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എത്തും. കാറിനുള്ളിൽ എത്ര ബ്രാഹ്മിൻസ് പായ്ക്കറ്റുകളുണ്ടെന്ന് വ്യാപാരികൾ പ്രവചിക്കണം. ഉത്തരം നിർദ്ദിഷ്ട കൂപ്പണുകളിൽ എഴുതി പ്രത്യേകം തയ്യാറാക്കിയ ബോക്സുകളിൽ നിക്ഷേപിക്കണം. ശരിയുത്തരം പ്രവചിക്കുന്നയാൾക്ക് ബി.എം.ഡബ്ല്യു കാർ സമ്മാനമായി ലഭിക്കും. ഇതോടൊപ്പം അശ്വമേധം കാർ എത്തിച്ചേരുന്ന സ്ഥലങ്ങളിലെ റീട്ടെയ്ലേഴ്സിന് മേഖല അടിസ്ഥാനത്തിലും അല്ലാതെയും ദിവസേന സമ്മാനങ്ങൾ നേടാനുള്ള അവസരം ഉണ്ടെന്നും ഇവർ വ്യക്തമാക്കി. ഒരോ റീട്ടെയ്ലറിനും അവരുടെ പർച്ചേസ് ബില്ലിനൊപ്പമാണ് കൂപ്പണുകൾ ലഭിക്കുക.ഈ കൂപ്പണുകൾ മേഖല തിരിച്ചും ബമ്പർ പ്രൈസിനുവേണ്ടിയുള്ള ബോക്സിൽ നിക്ഷേപിക്കണം.സമ്മാനപദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കുന്ന വിതരക്കാർക്ക് ലക്ഷ്വറി ക്രൂയിസ് ഷിപ്പിൽ സൗജന്യ യാത്രാ ടിക്കറ്റ് നൽകും. ഓഫറുകൾക്ക് തുടക്കം കുറിച്ചുകൊണ്ട് കൊച്ചി ദർബാർ ഹാൾ മൈതാനിയിൽ നടന്ന ചടങ്ങിൽ കൊച്ചി മേയർ അഡ്വ.എം. അനിൽകുമാർ അശ്വമേധം പദ്ധതി ഫ് ളാഗ് ഓഫ് ചെയ്തു.

യു.പി.എസ്.സി പരീക്ഷ

# ഞായറാഴ്ച്ച അധിക സർവ്വീസ് ഒരുക്കി കൊച്ചി മെട്രോ



**കൊച്ചി:** ജൂലൈ പതിനാറ്, ഞായറാഴ്ച്ച യു.പി.എസ്.സി കമ്പൈൻഡ് മെഡിക്കൽ സർവ്വീസസ് പരീക്ഷ നടക്കുന്നതിനാൽ കൊച്ചി മെട്രോ സർവ്വീസ് സമയം ദീർഘിപ്പിക്കുന്നു. പരീക്ഷയെഴുതുന്നവർക്ക് കൃത്യ സമയത്ത് തന്നെ പരീക്ഷാ സെന്ററിൽ എത്തുന്നതിനായി ഞായറാഴ്ച്ച രാവിലെ 7 മണി മുതൽ കൊച്ചി മെട്രോ സർവ്വീസ് ആലുവ, എസ് എൻ ജംഗ്ഷൻ സ്റ്റേഷനുകളിൽ നിന്ന് ആരംഭിക്കുന്നതാണ്. നിലവിൽ രാവിലെ 7.30നാണ് കൊച്ചി മെട്രോ ഞായറാഴ്ച്ചകളിൽ സർവ്വീസ് ആരംഭിച്ചിരുന്നത്.

# മികച്ച ഹെൽത്ത് കെയർ ബ്രാൻഡായി തിരഞ്ഞെടുക്കപ്പെട്ട് അമൃതാഞ്ജൻ

**കൊച്ചി:** ഇന്ത്യയിലെ ആരോഗ്യ സംരക്ഷണ മേഖലയിൽ 130 വർഷത്തെ പാരമ്പര്യമുള്ള അമൃതാഞ്ജൻ ഹെൽത്ത്കെയറിന് ദി ഇക്കണോമിക് ടൈംസ് ബെസ്റ്റ് ഹെൽത്ത് കെയർ ബ്രാൻഡിൻറെ 6ാം പതിപ്പിൽ മികച്ച ഹെൽത്ത് കെയർ ബ്രാൻഡായി തിരഞ്ഞെടുക്കപ്പെട്ടതായി അമൃതാഞ്ജൻ ഹെൽത്ത് കെയർ ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എസ്. ശംഭു പ്രസാദ് പറഞ്ഞു.1,000 ബ്രാൻഡുകളിൽ നിന്നാണ് അമൃതാഞ്ജൻ ഹെൽത്ത് കെയറിനെ തിരഞ്ഞെടുത്തത്. ശാസ്ത്രീയമായ ക്ലിനിക്കൽ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച വേദന സംഹാരി ഉൽപ്പന്നങ്ങൾ ബ്രാൻഡ് ലഭ്യമാക്കുന്നു. തലയ്ക്കും ശരീരവേദനയ്ക്കും റോൾഓൺ പോലുള്ള നൂതന രീതികൾ അവതരിപ്പിക്കുന്നതിലും ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായ രീതികൾ ലഭ്യമാക്കുന്ന ഒരു ഹൈഡ്രോജൽ പെയിൻ പാച്ച് ആദ്യമായി അവതരിപ്പിക്കുന്നതും അമൃതാഞ്ജൻ ഹെൽത്ത്കെയറാണ്. ദോഷകരമായ പാർശ്വഫലങ്ങൾ ഉണ്ടാക്കുകയും പരിസ്ഥിതിക്ക് അപകടമുണ്ടാക്കുകയും ചെയ്യുന്ന ഡിക്ലോഫെനാക് പോലുള്ള രാസവസ്തുക്കളുടെ ഉപയോഗത്തിനെതിരെ ഉറച്ച നിലപാട് കമ്പനിക്കുള്ളതെന്നും എസ്. ശംഭു പ്രസാദ് പറഞ്ഞു.മികച്ച ആരോഗ്യ സംരക്ഷണ ഉൽപ്പന്നങ്ങൾ ലഭ്യമാക്കി ഉപഭോക്താക്കളുടെ ജീവിതത്തെ മെച്ചപ്പെടുത്തുന്നതിനുള്ള അമൃതാഞ്ജൻറെ നിരന്തരമായ പരിശ്രമങ്ങളുടെ തെളിവാണ് ഈ നേട്ടം. തങ്ങളുടെ വിശ്വസനീയവും ഉയർന്ന നിലവാരമുള്ളതുമായ ആരോഗ്യസംരക്ഷണ ഉൽപ്പന്നങ്ങളിലൂടെ വ്യക്തികളുടെ ജീവിതത്തിൽ മാറ്റങ്ങൾ കൊണ്ടുവരുവാനുള്ള തങ്ങളുടെ പ്രതിബദ്ധതയിൽ ഉറച്ചുനിൽക്കുന്നുവെന്നും എസ്. ശംഭു പ്രസാദ് പറഞ്ഞു.

# ചെറുകിട വായ്പാ മേഖലയിൽ ആദ്യ ത്രൈമാസത്തിൽ മികച്ച വളർച്ച

**കൊച്ചി:** ഇന്ത്യയിലെ ഉപഭോക്തൃ വായ്പാ വിപണിയിൽ ചെറുകിട വായ്പകൾ മികച്ച പ്രകടനം കാഴ്ച വെക്കുന്നതായി 2023ലെ ആദ്യ ത്രൈമാസത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നു. ചെറിയ തുകകൾക്കുള്ള വായ്പകളുമായി അൺസെക്യേർഡ് വിഭാഗത്തിലെ വായ്പകൾ വളർച്ചയ്ക്കു പിന്തുണ നൽകുന്നതായും സിബിലിന്റെ വായ്പാ വിപണി സൂചിക (സിഎംഐ) ചൂിക്കാട്ടുന്നു. 2023 മാർച്ചിൽ അവസാനിച്ച ത്രൈമാസത്തിൽ എല്ലാ വിഭാഗങ്ങളിലെ വായ്പകളുടെ കാര്യത്തിലും വളർച്ചയുായതായും റിപ്പോർട്ട് വ്യക്തമാക്കുന്നു.വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ളതും ഡിജിറ്റൽ രീതിയിലുള്ളതുമായ വായ്പകൾ ചെറുകിട വായ്പാ വിപണിക്ക് ഉത്തേജനം നൽകിതായി ട്രാൻസ്യൂണിയൻ സിബിൽ സിഇഒയും മാനേജിങ് ഡയറക്ടറുമായ രാജേഷ് കുമാർ ചൂിക്കാട്ടി. ഉപഭോഗത്തിൻറെ അടിസ്ഥാനത്തിലുള്ള അൺസെക്യേർഡ് വായ്പകൾ ഈ രംഗത്തു കൂടുതൽ നേട്ടമുാക്കിയതായും അദ്ദേഹം കൂട്ടിച്ചേർത്തു.

# 'കനൽ വെളിച്ചം'ഏകാംഗ ശിൽപ്പ പ്രദർശനം

**കൊച്ചി:** കേരള ലളിതകലാ അക്കാദമി സംഘടിപ്പിക്കുന്ന രഞ്ജുമോൾ സി.യുടെ ആദ്യ ഏകാംഗപ്രദർശനം 'കനൽ വെളിച്ചം' കോഴിക്കോട് ആർട്ട് ഗ്യാലറിയിൽ ഇന്ന് ആരംഭിക്കുന്നു. കേരള ലളിതകലാ അക്കാദമിയുടെ 2022-23ലെ സമകാലിക ഏകാംഗസംഘ പ്രദർശന പദ്ധതിയുടെ ഭാഗമായാണ് പ്രദർശനം സംഘടിപ്പിച്ചിട്ടുള്ളത്. പ്രദർശനത്തിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 10.30ന് കേരള ലളിതകലാ അക്കാദമി ചെയർപേഴ്സൺ മുരളി ചീരോത്ത് നിർവ്വഹിക്കും. ചടങ്ങിൽ കലാനിരൂപകനും ചിത്രകാരനും പ്രദർശനത്തിന്റെ ക്യൂറേറ്ററുമായ സുധീഷ് കോട്ടേമ്പ്രം സംസാരിക്കും.നിത്യജീവിതത്തിൽ പരിചയിച്ചുപോരുന്ന വസ്തുലോകത്തെ തന്റെ കലാപ്രക്രിയയുടെ ഭാഗമാക്കുന്നതിലൂടെ രഞ്ജുമോൾ കലയുടെ സമകാലികതയിൽ മറ്റൊരു സംവാദസാധ്യത തുറക്കുന്നു. സ്ത്രീജീവിതത്തിന്റെ സഹജബോധങ്ങളെയും ചെറുത്തുനിൽപ്പുകളെയും ആവിഷ്കരിക്കാൻ ശ്രമിക്കുന്ന 'കനൽ വെളിച്ചം' ഉണ്മയെ ആഘോഷിക്കുന്നു. ജൈവവസ്തുലോകം എന്നതുപോലെ തന്നെ ഈ ശില്പങ്ങൾ ഗോത്രഭാവനയുടെ കൂടി പ്രതിഫലനങ്ങളാണെന്ന് കാണാം. അത് അക്കാദമിക് കലാബോധനസമ്പ്രദായം മുന്നോട്ടുവെച്ച പല മാമൂലുകളെയും സർഗാത്മകമായി വിമർശ/വിധേയ മാക്കുന്നു. പ്രതിസൗന്ദര്യത്തിന്റെയും ആത്മസാകല്യത്തിന്റെയും പ്രതീകങ്ങളായി ഈ ശില്പസമാഹാരം മാറുന്നു.പ്രദർശനം ജൂലായ് 24ന് സമാപിക്കും. പ്രദർശനസമയം രാവിലെ 11 മണി മുതൽ വൈകുന്നേരം 7 മണി വരെയാണ്.

# ബജാജ് അലയൻസ് ലൈഫ് എയ്സ് പദ്ധതി അവതരിപ്പിച്ചു

**കൊച്ചി:** നവീന സമ്പാദ്യ പദ്ധതിയായ ബജാജ് അലയൻസ് ലൈഫ് എയ്സ് പദ്ധതിക്ക് ബജാജ് അലയൻസ് ലൈഫ് തുടക്കം കുറിച്ചു. നോൺ ലിങ്ക്ഡ്, പാർട്ടിസിപേറ്റിങ് വിഭാഗത്തിൽപെടുന്ന നേരത്തെ വരുമാനം തരുന്ന ലൈഫ് ഇൻഷൂറൻസ് പദ്ധതിയാണിതെന്ന് ബജാജ് അലയൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ തരുൺ ചുങ് പറഞ്ഞു.ഉപഭോക്താക്കൾക്ക് തങ്ങളുടെ സവിശേഷതകൾക്ക് അനുസൃതമായി ക്യാഷ് ഫ്ളോ തെരഞ്ഞെടുക്കാനുള്ള സൗകര്യം ഇതിലൂടെ ലഭിക്കും. ഉപഭോക്താക്കൾക്ക് വരുമാനം എപ്പോൾ മുതൽ എന്നും എത്രകാലം വരെ എന്നും അവർക്കു തെരഞ്ഞെടുക്കാമെന്നും തരുൺ ചുങ് പറഞ്ഞു.

# ഡ്യൂറൻഡ് കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ്: കൊച്ചിയിൽ ട്രോഫി പ്രദർശിപ്പിച്ചു



**കൊച്ചി:** 132ാമത് ഡ്യൂറൻഡ് കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ ട്രോഫി കൊച്ചിയിൽ പ്രദർശിപ്പിച്ചു. കൊച്ചി കപ്പൽശാലയിലെ ഐഎൻഎസ് വിക്രാന്തിൽ നടന്ന ചടങ്ങിൽ മുൻ ഇന്ത്യൻ താരം ഐ.എം വിജയനും ഇന്ത്യൻ നേവിയിലെ മുതിർന്ന ഉദ്യോഗസ്ഥരും ചേർന്ന് ട്രോഫി അനാച്ഛാദനം ചെയ്തു.ഓഗസ്റ്റ് 3 മുതൽ സെപ്തംബർ 3 വരെ മൂന്ന് വേദികളിലായിട്ടാണ് ചാംപ്യൻഷിപ്പ് നടക്കുന്നത്.ലോകത്തെ തന്നെ ഏറ്റവും പഴക്കമേറിയ ടൂർണമെന്റുകളിലൊന്നായ ഡ്യൂറൻഡ് കപ്പിൽ കളിക്കാൻ കഴിയുന്നത് തന്നെ ഭാഗ്യമാണെന്ന് ചടങ്ങിൽ സംസാരിച്ച ഐ.എം വിജയൻ പറഞ്ഞു. ഡ്യൂറാൻഡ് കപ്പിന് വലിയ പ്രചാരണം നൽകുന്നത് വലിയ കാര്യമാണ്. കേരള പൊലീസ്, മോഹൻബഗാൻ, ജെസിടി ഉൾപ്പെടെയുള്ള ക്ലബ്ബുകൾക്കായി ഡ്യൂറൻഡ് കപ്പിൽ കളിച്ചിട്ടുണ്ട്. എഫ്സി കൊച്ചിൻ ടീമിന്റെ ക്യാപ്റ്റനായി ടൂർണമെന്റ് ജയിച്ച് ആദ്യമായി കപ്പ് കേരളത്തിലെത്തിച്ചതാണ് ഡ്യൂറൻഡിലെ ഏറ്റവും ആസ്വാദ്യകരമായ അനുഭവം. നേരത്തെ ഒരൊറ്റ വേദിയിലായിരുന്നു മത്സരങ്ങളെല്ലാം. ഇത്തവണ മൂന്ന് വേദിയുണ്ടെങ്കിലും അതിൽ കുഴപ്പമൊന്നുമുണ്ടാവില്ലെന്നാണ് കരുതുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജൂൺ 30ന് ന്യൂഡൽഹിയിൽ നിന്നാണ് ഡ്യൂറൻഡ് കപ്പ് ട്രോഫി ടൂർ തുടങ്ങിയത്. ഡെറാഡൂൺ, ഉധംപൂർ, പൂനെ, മുംബൈ, ജയ്പൂർ, കാർവാർ എന്നിവിടങ്ങളിലെ പര്യടനത്തിന് ശേഷമാണ് ട്രോഫി കൊച്ചിയിലെത്തിയത്. ഏഴിമല, ബെംഗളൂരു, ഹൈദരാബാദ്, ഗുവാഹത്തി, കൊക്രജാർ, ഷില്ലോങ്, ഐസ്വാൾ എന്നിവിടങ്ങളിലെ പര്യടനത്തിന് ശേഷം ഓഗസ്റ്റ് ഒന്നിന് കൊൽക്കത്തയിലാണ് ട്രോഫി ടൂർ സമാപിക്കുക. കൊൽക്കത്ത, ഗുവാഹത്തി, കൊക്രജാർ എന്നീ മൂന്ന് നഗരങ്ങളിലായി നടക്കുന്ന ഡ്യൂറൻഡ് കപ്പിൽ ഇത്തവണ 12 ഇന്ത്യൻ സൂപ്പർ ലീഗ് ടീമുകൾ ഉൾപ്പെടെ 24 ടീമുകളാണ് മത്സരിക്കുന്നത്. 27 വർഷത്തെ നീണ്ട ഇടവേളക്ക് ശേഷം ബംഗ്ലാദേശ്, നേപ്പാൾ എന്നിവിടങ്ങളിൽ നിന്നുള്ള സർവീസ് ടീമുകളും ഐതിഹാസിക ടൂർണമെന്റിൽ പങ്കെടുക്കുന്നുണ്ട്. ടീമുകളെ നാല് ടീമുകൾ വീതമുള്ള ആറ് ഗ്രൂപ്പുകളായാണ് തിരിച്ചിരിക്കുന്നത്. ആറ് ഗ്രൂപ്പ് ജേതാക്കളും മികച്ച രണ്ട് രണ്ടാം സ്ഥാനക്കാരും നോക്കൗട്ട് റൗണ്ടിലെത്തും. നിലവിലെ ചാമ്പ്യന്മാരായ ബെംഗളൂരു എഫ്സിക്കൊപ്പം സി ഗ്രൂപ്പിലാണ് കേരളത്തിൽ ടീമുകളായ കേരള ബ്ലാസ്റ്റേഴ്സും ഗോകുലം കേരള എഫ്സിയും മത്സരിക്കുക. ഇന്ത്യൻ എയർ ഫോഴ്സാണ് ഗ്രൂപ്പിലെ മറ്റൊരു ടീം. ഗ്രൂപ്പ് ബിയിലാണ് ഇന്ത്യൻ നേവി. ഇന്ത്യൻ ആർമി ടീമും ചാമ്പ്യൻഷിപ്പിനുണ്ട്.

## കുഫോസ് സ്പോട്ട് അഡ്മിഷൻ 18 ന്

**കൊച്ചി:** കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയുടെ (കുഫോസ്) പുതുവൈപ്പ് കാമ്പസ്സിൽ നടത്തുന്ന എം.എസ്.സി കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 18 ന് സ്പോട്ട് അഡ്മിഷൻ നടത്തും.എൺവയർമെൻറ് സയൻസ്. ഡിസാസ്റ്റർ മാനേജ്മെൻറ്, ക്ളൈമറ്റ് സയൻസ്, റിമോട്ട് സെൻസിങ്ങ് ആൻറ് ജിസ് എന്നീ എം.എസ്.സി കോഴ്സുകളിലാണ് ഒഴിവുകൾ ഉള്ളത്. ജനറൽ വിഭാഗത്തിലും സംവരണ വിഭാഗങ്ങളിലും ഒഴിവുകളുണ്ട്.ഓരോ കോഴ്സിൻറെയും പ്രവേശന യോഗ്യത അറിയാൻ കുഫോസ് വെബ് സെറ്റിൽ (www.kufos.ac.in) ലഭ്യമായ പ്രോസ്പെക്ടസ് പരിശോധിക്കുകകുഫോസിന്റെ പ്രവേശന പരീക്ഷ എഴുതാത്തവരെയും സ്പോട്ട് അഡ്മിഷന് പരിഗണിക്കും. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി കുഫോസിൻറെ പുതുവൈപ്പ് കാമ്പസ്സിൽ രാവിലെ 10 ന് ഹാജരാകണം.കൂടുതൽ വിവരങ്ങൾക്ക് 6282801300

## കുട്ടികളിലെ മയക്കുമരുന്നുപയോഗം തടയൽ: കോൺക്ലേവുമായി റീജ്യണൽ സ്പോർടസ് സെന്റർ

**കൊച്ചി:** കുട്ടികളിൽ കായിക വാസന വളർത്തി മയക്കുമരുന്ന് ഉപയോഗത്തിന് തടയിടുക എന്ന ലക്ഷ്യത്തോടെ കടവന്ത്ര റീജ്യണൽ സ്പോർട്സ് സെന്ററിന്റെ നേതൃത്വത്തിൽ 'ഗെറ്റ് അഡിക്ടഡ് ടു സ്പോർട്സ് നോട്ട് ടു ഡ്രഗ്' എന്ന ആശയം ഉയർത്തി കോൺക്ലേവ് സംഘടിപ്പിക്കുന്നു.ഈ മാസം 18ന് രാവിലെ 10ന് ഹോട്ടൽ ലെ മെറഡിയനിൽ നടക്കുന്ന കോൺക്ലേവ് ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, സിറ്റി പോലിസ് കമ്മീഷണർ കെ.സേതുരാമൻ തുടങ്ങിയവർ പങ്കെടുക്കും. കൊച്ചിൻ ഷിപ്പ്യാർഡ്,ജിയോജിത്ത് ,യൂണീക് ടൈംസ്, ബി.കെ.ആർ.ജി ആൻഡ് അവേക് കൊച്ചി എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. കുട്ടികൾ മയക്കുമരുന്നിന് അടിമപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളുമായി മുന്നോട്ട് പോകുമെന്നും സംഘടകർ പറഞ്ഞു.കുട്ടികളെ വിദ്യാഭ്യാസത്തിനായി സ്കുളിലേക്ക് അയക്കുന്നതിനൊപ്പം അവരെ കായിക വിനോദ കേന്ദ്രങ്ങളിലേക്കും അയയ്ക്കാൻ മാതാപിതാക്കൾ താൽപ്പര്യം കാണിക്കണമെന്നും റീജ്യണൽ സ്പോർട്സ് സെന്റർ ഭാരവാഹികൾ ആവശ്യപ്പെട്ടു. റീജ്യണൽ സ്പോർട്സ് സെന്റർ സെക്രട്ടറി അഡ്വ. എസ്.എ.എസ്. നവാസ്, ജോമോൻ. കെ ജോർജ് തുടങ്ങിയവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## പള്ളിയാക്കൽ പൊക്കാളി കോൺഗ്രസ് 16 ന്



**കൊച്ചി:** പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ പൊക്കാളി മേഖലയിലെ വിവിധ വിഷയങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് സംഘടിപ്പിക്കുന്ന പൊക്കാളി കോൺഗ്രസ് ഈ മാസം 16 ന് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ബാങ്കിന്റെ 80ാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന വിവിധ പരിപാടികളുടെ ഭാഗമാണ് പൊക്കാളി കോൺഗ്രസ്. ബാങ്ക് ഓഡിറ്റോറിയത്തിൽ രാവിലെ 10.30 ന് നടക്കുന്ന ചടങ്ങിൽ വിവിധ പൊക്കാളി ഉൽപ്പന്നങ്ങളുടെ 'കൈതകം' പ്രീമിയം ബ്രാൻഡും മന്ത്രി പുറത്തിറക്കും. വിവിധ സർക്കാർ വകുപ്പുകളായ കേരള ബാങ്ക്, കൃഷി വകുപ്പ്, നബാർഡ്, കാർഷിക വിജ്ഞാനകേന്ദ്രം, കാർഷിക സർവ്വകലാശാല, റൈസ് റിസർച്ച് സ്റ്റേഷൻ, തദ്ദേശ സ്വയം ഭരണ പ്രതിനിധികൾ, സഹകരണ ബാങ്കുകൾ കർഷകർ എന്നിവരെ ഏകോപിപ്പിച്ചാണ് പൊക്കാളി കോൺഗ്രസ് സംഘടിപ്പിക്കുന്നത്. പൊക്കാളി നെല്ലിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന മൂല്യ വർധിത ഉൽപ്പന്നങ്ങളായ അരി, പുട്ടുപൊടി, അവിൽ തുടങ്ങിയവയാണ് 'കൈതകം' ബ്രാൻഡിൽ ഉൾപ്പെടുത്തി വിപണിയിൽ എത്തിക്കുന്നത്. ബാങ്ക് പ്രസിഡന്റ് എ സി ഷാൻ ചടങ്ങിൽ അധ്യക്ഷനാകും. ബാങ്ക് പ്രസിഡന്റ് എ സി ഷാൻ, സെക്രട്ടറി വി വി സനിൽ, അംഗങ്ങളായ എം പി വിജയൻ, എൻ പി സന്തോഷ് കുമാർ, എ സി രേണു എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA

FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288, Kerala.E-mail-societytodaynews@gmail.com